# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



## ആഗസ്റ്റ് 15 – പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ

Vol. LXXIII August 2023 No. 8




പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി വർഷാരംഭത്തിന്റെ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളേജിൽ വച്ചു നടന്ന
പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ രണ്ടാം വാർഷികസമ്മേളനത്തിന്റെ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ
കൊടിയേറ്റുകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി
ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ
പിതാവിന് ആശംസകൾ

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന് പ്രവിത്താനം ഇടവക




ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
കുന്നോന്നി ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
ഏഴാച്ചേരി ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**AUGUST 2023**
**Vol. LXXIII No. 8**

# CONTENTS


ഇടയലേഖനം - 74 ........ 591

സർക്കുലർ 317 ........ 598

സംയുക്ത സർക്കുലർ ........ 601

സർക്കുലർ 318 ........ 606

സർക്കുലർ - കെ.സി.ബി.സി. ........ 611

സർക്കുലർ - കെ.സി.ബി.സി. ........ 617

സർക്കുലർ - കെ.സി.ബി.സി. ........ 625

അറിയിപ്പുകൾ ........ 629

Transfer & Appointments ........ 633

അറിയിപ്പുകൾ ........ 634

വാർത്തകൾ ........ 636

ആദരാഞ്ജലികൾ ........ 665

അഭിവന്ദ്യ പിതാവിന്റെ ഡയറി ........ 672

ഇടയലേഖനം - 74

# ആഗസ്റ്റ് 15:
# മർത്ത് മറിയത്തിന്റെ ശൂനായാത്തിരുനാളും അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലിയും

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

I. സ്ത്രീകളിൽ അനുഗ്രഹീതയായ മർത്ത് മറിയത്തിന്റെ ശൂനായാത്തിരുനാൾ (പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണം) സഭ വലിയ ആഘോഷത്തോടെ ആഗസ്റ്റ് മാസം 15-ാം തീയതി നടത്തുന്നു. പരിശുദ്ധ റൂഹായുടെ ആവാസത്താൽ സ്വർഗ്ഗത്തിന്റെ ഉടമസ്ഥന്റെ സിംഹാസനമായിത്തീർന്ന മറിയത്തിന്റെ നിർമ്മലവും അനുഗ്രഹീതവുമായ ശരീരം അവളുടെ ഇഹലോക ജീവിതത്തിന്റെ അന്ത്യത്തിൽ അഴിവിയലാതെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്ന വലിയ രഹസ്യമാണ് ഈ തിരുനാളിൽ നാം ഓർക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. നമ്മുടെ സഭയുടെ ആരാധനാ

പാരമ്പര്യത്തിൽ നാടുമാറ്റം, സ്ഥലംമാറൽ, കടന്നുപോകൽ എന്നൊക്കെ അർത്ഥംവരുന്ന ശൂനായാ എന്ന പേരിലാണ് ഈ തിരുനാൾ അറിയപ്പെടുന്നത്. എന്നാൽ, നിദ്ര അല്ലെങ്കിൽ ഉറക്കം എന്നർത്ഥംവരുന്ന ഗ്രീക്ക് ഭാഷയിലെ കോയ്മേസിസ് (koimesis), ലത്തീൻ ഭാഷയിലെ ദൊർമീസ്സിയോ (dormitio) എന്നീ പേരുകളിലാണു മറ്റു സഭകളിൽ ഈ തിരുനാൾ അറിയപ്പെടുന്നത്. ഏതൊരു മനുഷ്യവ്യക്തിയെയുംപോലെ മറിയവും സ്വാഭാവികമരണം കൈവരിച്ചു എന്ന വസ്തുതയാണ് ഈ പേരുകൾ ഊന്നിപ്പറയുന്നത്. പാശ്ചാത്യസഭയിൽ ഈ തിരുനാളിനെ സൂചിപ്പിക്കുന്ന അസ്സുംസിയോ (assumptio) എന്ന ലത്തീൻ പദത്തിൽ നിന്നുത്ഭവിച്ച അസംപ്ഷൻ എന്ന ആംഗലേയപദത്തിന്റെ മലയാളപരിഭാഷയാണ് ഇന്നു പൊതുവിൽ ഈ തിരുനാളിനെ വിളിക്കാൻ ഉപയോഗിക്കുന്ന സ്വർഗ്ഗാരോപണം എന്ന പദം.

മറിയത്തിന്റെ ജീവിതാന്ത്യവും സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോകലും, 'നീതിനിഷ്ഠരുടെ മരണം കർത്താവിന്റെ മുൻപിൽ വിലയേറിയതാകുന്നു' (സങ്കീ. 115:5), 'അങ്ങയുടെ പരിശുദ്ധനെ ജീർണ്ണിക്കാൻ അനുവദിച്ചില്ല' (സങ്കീ. 16:10) എന്നീ സങ്കീർത്തനവചനങ്ങൾ അന്വർത്ഥമാക്കുന്നതാണ്. ഈ തിരുനാൾദിനത്തിലെ സഭയുടെ ദൈവാരാധനപ്രാർത്ഥനകൾ ഇതു വിശദീകരിക്കുന്നുമുണ്ട്: "കന്യകാമറിയം ഈ ഭൂമിയിൽ നിന്നു വിടവാങ്ങുന്ന നേരം സ്വർഗ്ഗത്തിലെ മാലാഖമാർവന്ന് മധുമയഗീതങ്ങൾപാടി അവളുടെ സമീപത്തുനിന്നു. ഉന്നതത്തിൽനിന്നു വന്ന പൊൻരഥത്തിൽ അവളുടെ നിർമ്മലമായ ശരീരത്തെ സ്വർഗ്ഗത്തിലേക്കു വഹിച്ചു" (ഓനീസാ ദ് കങ്കേ, സ്വർഗ്ഗാരോപണത്തിരുനാൾ).

"ആദത്തിന്റെ പാപംമൂലം വന്നുഭവിച്ച മരണം ദൈവസുതനെ വഹിച്ച നിർമലശരീരത്തെയും സമീപിച്ചു. തന്റെ മാതാവിന്റെ ശരീരത്തെ ആദരിക്കാൻ കർത്താവ് മാലാഖ

മാരോടു കല്പിച്ചു. കല്പിക്കപ്പെട്ടതുപോലെ അവർ ആദരപൂർവ്വം ആഘോഷത്തോടെ അവളെ സ്വർഗ്ഗത്തിലേക്ക് സംവഹിക്കുകയും ചെയ്തു" (ഓനീസാ ദ് റാസേ, സ്വർഗാരോപണത്തിരുനാൾ). "കന്യകാമറിയം ഭൂമിയിൽനിന്നു വിടവാങ്ങുന്ന സുദിനത്തിൽ അവൾ തന്റെ പുത്രന്റെ ശ്ലീഹന്മാരെയെല്ലാം കാണാൻ ആഗ്രഹിച്ചു. പരിശുദ്ധ റൂഹാ ശ്ലീഹന്മാരെയെല്ലാം അവളുടെ സവിധത്തിലെത്തിച്ചു. റോമിൽനിന്ന് കേപ്പായും ഇന്ത്യയിൽനിന്ന് തോമ്മായും എഫേസൂസിൽനിന്ന് യോഹന്നാനും വന്നെത്തി. തങ്ങളുടെ കർത്താവിന്റെ അമ്മയുടെ സ്വർഗ്ഗാരോപണം അവരെല്ലാവരും തെളിവായി കണ്ടു" (ഓനീസാ ദ് ലെലിയാ, സ്വർഗ്ഗാരോപണത്തിരുനാൾ). മറിയത്തിന്റെ മരണത്തെയും കബറടക്കത്തെയും സ്വർഗ്ഗത്തിലേക്കുള്ള കരേറ്റത്തെയും കുറിച്ച് സെറൂഗിലെ മാർ യാക്കോബ് ഇങ്ങനെ എഴുതുന്നു: "അഗ്നിമയന്മാരായ സ്രാപ്പേന്മാർ മറിയത്തിന്റെ ആത്മാവിനെ വലയം ചെയ്യുകയും അവരുടെ ആഹ്ലാദകരമായ ആർപ്പുവിളികളുടെ ശബ്ദം ഉയർത്തുകയും ചെയ്തു. അവർ അട്ടഹസിച്ചു പറഞ്ഞു: വാതിലുകളെ നിങ്ങളുടെ ശിരസ്സ് ഉയർത്തുവിൻ; കാരണം രാജാവിന്റെ അമ്മ പ്രകാശത്തിന്റെ മണവറയിൽ പ്രവേശിക്കാൻ തുടങ്ങുന്നു."

സ്ത്രീകളിൽ അനുഗ്രഹീതയായവൾക്ക് അവളുടെ ഈ ലോകത്തിൽനിന്നുള്ള വേർപാടിൽ മനുഷ്യരുടെയും മാലാഖമാരുടെയും മുൻപിൽ തന്റെ പുത്രനായ ഈശോമിശിഹായാൽ ലഭിച്ച ബഹുമാനത്തെയാണ് ഈ തിരുനാളാഘോഷത്തിലൂടെ സഭ വെളിപ്പെടുത്തുന്നത്. ആദ്യനൂറ്റാണ്ടുമുതൽ സഭ ആചരിച്ചുപോന്നിരുന്ന ഈ വസ്തുതയാണ് നിത്യകന്യകയും അമലോത്ഭവയുമായ പരിശുദ്ധ മറിയം തന്റെ ഐഹികജീവിതത്തിന്റെ അന്ത്യത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടു (സ്വർഗാരോപണം) എന്ന വിശ്വാസസത്യമായി സഭ പിന്നീടു പ്രഖ്യാപിച്ചത്.

സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ശൂനായാത്തിരുനാൾ. നശ്വരമായത് അനശ്വരത കൈവരിക്കും എന്നുള്ള ചിന്ത ഈ തിരുനാൾ നമുക്കു നൽകുന്നു. ദൈവവചനത്തിനു വിധേയപ്പെട്ട് ദൈവഹിത പ്രകാരം ജീവിച്ചു എന്നുള്ളതാണ് മറിയത്തിന്റെ മഹിമ. നീതി പൂർവകമായ ജീവിതംവഴി നമുക്ക് സ്വർഗ്ഗം പ്രാപ്യമാകും എന്ന ഉന്നതമായ പ്രത്യാശ മറിയത്തിന്റെ സ്വർഗാരോപണത്തിലൂടെ നമുക്കു ലഭിക്കുന്നു. ആഗസ്റ്റ് 1 മുതലുള്ള 15 നോമ്പ് സ്വർഗാരോപണത്തിരുനാളിനുവേണ്ടിയുള്ള ഒരുക്കമാണ്. ശൂനായാ നോമ്പ് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.

II. 2023 ആഗസ്റ്റ് മാസം 15-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് മെത്രാൻപട്ടം സ്വീകരിച്ചിട്ട് 50 വർഷങ്ങൾ പൂർത്തിയാവുകയാണ്. നമ്മിൽ പലരും പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽനടന്ന അനുഗ്രഹദായകമായ ആ അഭിഷേകകർമ്മത്തിന്റെ ദൃക്സാക്ഷികളുമാണല്ലോ. 50 വർഷങ്ങൾ മേൽപ്പട്ടശുശ്രൂഷയിൽ സജീവമായി നിലനിൽക്കാൻ സാധിച്ചത് ദൈവം നൽകുന്ന കൃപയും കരുതലമാണ്. അത്യപൂർവമായ ഒരു കാര്യമാണിത്. 2023 ആഗസ്റ്റ് 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് കൃതജ്ഞതാകുർബാന അർപ്പിക്കുകയാണ്. പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ഇതിൽ പങ്കുചേരും. തുടർന്ന് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽവച്ച് ഒരു അനുമോദന സമ്മേളനവും. കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവും കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് പിതാവും തിരുക്കർമ്മങ്ങളിലും തുടർന്നുള്ള സമ്മേളനത്തിലും പങ്കുചേരുന്നുണ്ട്.

മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് 1927 ഏപ്രിൽ 10 ന് മുത്തോലപുരം ഇടവകയിൽ പള്ളിക്കാപറമ്പിൽ

ദേവസ്യ-കത്രി ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ചു. 1958 നവംബർ 23 ന് റോമിൽവച്ച് പ്രൊപ്പഗാന്താ പ്രീഫെക്ട് ആയിരുന്ന കർദ്ദിനാൾ അഗജിനിയാനിൽനിന്ന് അഭിവന്ദ്യ പിതാവ് വൈദികതിരുപ്പട്ടം സ്വീകരിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ റെക്ടറായിരിക്കുമ്പോഴാണ് പാലാ രൂപതയുടെ സഹായമെത്രാനായി 1973 ആഗസ്റ്റ് 15 ന് ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ കൈവയ്പുശുശ്രൂഷവഴി അഭിഷേകം ചെയ്യപ്പെടുന്നത്. 50 വർഷങ്ങളിലെ ശുശ്രൂഷകളും സജീവമായ സാന്നിധ്യവുംവഴി അഭിവന്ദ്യ പിതാവ് പാലാ രൂപതയ്ക്ക് അച്ചടക്കവും ആത്മാഭിമാനവും നേടിത്തന്നു. പാലാ രൂപതയുടെ ശില്പിയും പ്രഥമ അധ്യക്ഷനുമായിരുന്ന ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവിന്റെ കാഴ്ചപ്പാടുകളിലൂടെ നടന്ന അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് സമർത്ഥനും കരുത്തനുമായ ഒരു ഭരണാധികാരിയെന്ന ഖ്യാതിയും കരസ്ഥമാക്കി.

സീറോ മലബാർ സഭയുടെ ചരിത്രത്തിലെ സുപ്രധാനമായ കാലഘട്ടമായിരുന്നു കഴിഞ്ഞ അരനൂറ്റാണ്ട്. സഭയുടെ ചരിത്രം, ദൈവാരാധനക്രമം, വിശുദ്ധ പാരമ്പര്യങ്ങൾ എന്നിവയെല്ലാം ആഴമായി പഠിച്ചും പഠിപ്പിച്ചും ജീവിച്ചും മുന്നേറിയ ഒരു വലിയ ഇടയനാണ് അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ്. വിശ്വാസസംരക്ഷണത്തിന്റെ ഉറങ്ങാത്ത കാവൽക്കാരനായി ഇപ്പോഴും ഊർജ്ജസ്വലതയോടെ വ്യാപരിക്കുന്നു. ദൈവാരാധനക്രമ പുനരുദ്ധാരണത്തിന് പിതാവ് അവിസ്മരണീയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പരിശുദ്ധ കുർബാനയും യാമനമസ്ക്കാരങ്ങളും സ്വകാര്യപ്രാർത്ഥനകളും വഴി നെയ്യപ്പെട്ട ഒരു ജീവിതശൈലിയാണു പിതാവിന്റേത്. സത്യവിശ്വാസത്തിന്റെ സംരക്ഷകനും മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിന്റെ പ്രചാരകനുമെന്ന നിലയിൽ പിതാവിന് സഭയിൽ ഒരു അനശ്വരതയുണ്ട്. മീനച്ചിലിന്റെ വിശ്വാസപൈതൃകത്തെയും

സാംസ്കാരികതനിമയെയും ചേർത്തുപിടിക്കുവാൻ അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവിനു കഴിഞ്ഞു. ദൈവസ്നേഹിയായ ഒരു യഥാർത്ഥ മനുഷ്യസ്നേഹിയാണു പിതാവ്.

പള്ളിക്കാപറമ്പിൽ പിതാവിനെ ദൈവം പ്രത്യേകമായി അനുഗ്രഹിച്ചിട്ടുണ്ട്. പൂർവ്വ യൗസേപ്പിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് പിതാവിലും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്: "നീരുറവയ്ക്കരികിൽ നിൽക്കുന്ന ഫലസമൃദ്ധമായ വൃക്ഷമാണ് ജോസഫ്. അതിന്റെ ശാഖകൾ മതിലിനു മീതെ പടർന്നുനിൽക്കുന്നു" (ഉല്പ. 49:50). ഈജിപ്തിലെ ഫറവോ ജോസഫിനെക്കുറിച്ച് പറയുന്നു: "ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ജോസഫിനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ കഴിയുമോ? ജോസഫിനെപ്പോലെ ബുദ്ധിമാനും വിവേകിയുമായ വേറെ ആരുമില്ല" (ഉല്പ. 41: 38-39).

ഒരിക്കൽ ഒരു സിനഡിൽ പങ്കെടുക്കാൻപോയ അവസരത്തിൽ റോമിലെ പൗരസ്ത്യതിരുസംഘത്തിൽ ശുശ്രൂഷ ചെയ്തിരുന്ന ഒരു മുതിർന്ന മെത്രാപ്പോലീത്ത എന്നോടു പറഞ്ഞു: 'ഇന്ത്യയിലെ മെത്രാന്മാരിൽ ഏറ്റം കുലീനനായ മെത്രാൻ (most noble bishop) പള്ളിക്കാപറമ്പിൽ പിതാവാണെന്ന്'. അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് അർപ്പിച്ച വി. കുർബാനകളും നൽകിയ തിരുപ്പട്ടങ്ങളും നടത്തിയ ഇടവക വിസീത്തകളും ഈ രൂപതയുടെ ജീവശ്വാസമായി നിൽക്കുന്നു. അജപാലനശുശ്രൂഷയിൽ 752 തിരുപ്പട്ടശുശ്രൂഷകൾ പരികർമ്മംചെയ്ത മെത്രാൻ എന്ന നിലയിൽ സാർവത്രികസഭയിൽ തന്നെ നിറപ്പകിട്ടാർന്ന ഒരു ശ്രേഷ്ഠമേൽപ്പട്ടക്കാരനാണ് പിതാവ്. സമ്മർദ്ദങ്ങൾക്കോ ഭീഷണികൾക്കോ കീഴ്പ്പെടാതെ നിൽക്കുമ്പോഴും പള്ളിക്കാപറമ്പിൽ പിതാവ് എന്നും അനുരഞ്ജകനും ജനരഞ്ജകനുമാണ്. എല്ലാവരെയും ചേർത്തുപിടിക്കുന്ന ഊഷ്മളമായ സമീപനരീതിവഴി ഭാരതത്തിലെ

എല്ലാ മെത്രാൻസമിതികളിലും പിതാവിനു മറ്റാരെയുംകാൾ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. തനിമയും മൗലികതയുംനിറഞ്ഞ ചിന്തകൾകൊണ്ടു നിറവാർന്ന മനസ്സിന്റെ ഉടമയായ പിതാവ് സന്തുഷ്ടചിത്തനും ഹൃദയക്കണ്ണുകൾകൊണ്ട് എല്ലാം കാണുന്ന വനുമാണ്. പരിശുദ്ധ സിംഹാസനത്തെക്കുറിച്ചുള്ള അറിവും അടുപ്പവും പരിശുദ്ധ സിംഹാസനത്തോടുള്ള പിതാവിന്റെ വിധേയത്വവും പിതാവിന്റെ ആത്മീയകരുത്തിനും ഈടുറ്റ നിലപാടുകൾക്കും കാരണമായിട്ടുണ്ട്.

ആഗസ്റ്റ് 15-ാം തീയതി നമുക്ക് ആത്മീയ ആനന്ദ ത്തിന്റെയും ആത്മാഭിമാനത്തിന്റെയും അവസരമാകട്ടെ. നമ്മുടെ രൂപതയിലെ എല്ലാ വൈദികരും തിരഞ്ഞെടുക്കപ്പെട്ട സമർപ്പിതരും അല്മായരും അന്നേദിവസം നമ്മുടെ ഭദ്രാസന ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് എത്തിച്ചേരണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. എല്ലാവരെയും മർത്ത് മറിയത്തിനും മർത്ത് അൽഫോൻസായ്ക്കും സമർപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01-08-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ ഇടയലേഖനം ആഗസ്റ്റ് 13 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശു പള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 317

# പാലാ രൂപത
# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി
## 2023 നവംബർ 21-23

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

2023 നവംബർ 21 മുതൽ 23 വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി നടത്തപ്പെടുകയാണ്. രൂപതയിലെ വിവിധ ശുശ്രൂഷാമേഖലകളിൽനിന്ന് പൗരസ്ത്യസഭ കാനോൻ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അല്മായരും സമർപ്പിതരും വൈദികരും നമ്മുടെ ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ട് ഈ അസംബ്ലിയിൽ പങ്കെടുക്കുന്നു.

1950 ൽ സ്ഥാപിതമായ നമ്മുടെ രൂപത ദൈവാനുഗ്രഹത്താൽ അഭിമാനകരമായ വളർച്ചയാണ് നേടിയിട്ടുള്ളത്. അജപാലന പ്രവർത്തനങ്ങളിലും വിശ്വാസപരിശീലനരംഗത്തും ആരാധനക്രമജീവിതത്തിലും വിദ്യാഭ്യാസമേഖലകളിലും ആതുരശുശ്രൂഷാരംഗത്തും കാരുണ്യപ്രവർത്തനങ്ങളിലും വിവിധ സംഘടനാ-സാമൂഹ്യപ്രവർത്തനങ്ങളിലും പരിശുദ്ധറൂഹായുടെ നിരന്തരമായ പ്രവർത്തനത്താൽ നമ്മുടെ രൂപത കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെപ്രതി ദൈവതിരുമുമ്പാകെ നന്ദിയോടെ വ്യാപരിക്കാം.

മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തിന്റെയും ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്ത

സിനഡാത്മകസഭയെക്കുറിച്ചുള്ള (2021-24) ചർച്ചകളുടെയും കെ.സി.ബി.സി.യുടെ കേരള സഭാനവീകരണ ദർശനങ്ങളുടെയും 2024 ഓഗസ്റ്റിൽ നടക്കാനിരിക്കുന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെയും പശ്ചാത്തലത്തിലും നമ്മുടെ രൂപത പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിലുമാണ് എപ്പാർക്കിയൽ അസംബ്ലി സമ്മേളിക്കുന്നത്.

'ക്രിസ്തീയ ദൗത്യവും ജീവിതവും പ്രാദേശിക സഭയിലും സമൂഹത്തിലും' എന്നതാണ് നമ്മുടെ എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയം. ഇതുമായി ബന്ധപ്പെട്ടു നല്കുന്ന മാർഗ്ഗരേഖ എല്ലാ ഇടവകകളിലും സന്യാസഭവനങ്ങളിലും രൂപതാ സ്ഥാപനങ്ങളിലും സംഘടനകളിലും പ്രാർത്ഥനാപൂർവ്വം പരിശുദ്ധ റൂഹായാൽ പ്രചോദിതമായി സഗൗരവം പഠിക്കുകയും ചർച്ച ചെയ്യുകയും വേണം. വിവിധ തലങ്ങളിലെ വിലയിരുത്തലുകളും പ്രായോഗികനിർദ്ദേശങ്ങളും യഥാസമയം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഇവയുടെ വെളിച്ചത്തിൽ എപ്പാർക്കിയൽ അസംബ്ലിയുടെ പഠനത്തിനും ചർച്ചയ്ക്കുമായുള്ള വിഷയാവതരണരേഖ തയ്യാറാക്കുന്നതാണ്. ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തേണ്ട മാർഗ്ഗരേഖയെക്കുറിച്ചുള്ള ചർച്ചയിലും പഠനത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

1. ഇടവകതലത്തിൽ പള്ളിയോഗം, സംഘടനകൾ, കുടുംബക്കൂട്ടായ്മകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നീ വേദികളിൽ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പഠനവും ചർച്ചയും നടത്തി റിപ്പോർട്ടു തയ്യാറാക്കുകയും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഈ റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് 10 പേജിൽ കവിയാത്ത ഇടവകതല റിപ്പോർട്ട് ഓഗസ്റ്റ് 31 നു മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

2. മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി വിവിധ സന്യാസഭവന ങ്ങളിലെ പഠനത്തിന്റെയും ചർച്ചയുടെയും റിപ്പോർട്ട് ഓരോ കോൺഗ്രിഗേഷന്റെയും പ്രൊവിൻസ് തലത്തിൽ ക്രോഡീ കരിച്ച് ഓഗസ്റ്റ് 31 ന് മുമ്പു രൂപതാകേന്ദ്രത്തിൽ എത്തിക്കേ ണ്ടതാണ്. പാലാ രൂപതയ്ക്കുള്ളിൽ പ്രൊവിൻഷ്യൽ കേന്ദ്ര ങ്ങൾ ഇല്ലാത്ത സന്ന്യാസഭവനങ്ങളിലെ ചർച്ചകളുടെ റിപ്പോർട്ട് ആ ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഇടവകയുടെ റിപ്പോർട്ടിനൊപ്പം ക്രോഡീകരിച്ചു നല്കേണ്ടതാണ്.

3. രൂപതയുടെ കീഴിലെ പൊതുസ്ഥാപനങ്ങൾ, വിവിധ സംഘ ടനകളുടെ രൂപതാതലം എന്നിവിടങ്ങളിലും മാർഗ്ഗരേഖ അടിസ്ഥാനമാക്കി പഠനവും ചർച്ചയും നടത്തി തയ്യാറാ ക്കുന്ന റിപ്പോർട്ട് ഓഗസ്റ്റ് 31 നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപിക്കണം.

മേൽപറഞ്ഞ തലങ്ങളിൽ നടക്കുന്ന പഠനറിപ്പോർട്ടുകൾ ഓഗസ്റ്റ് 31 ന് രൂപതാകേന്ദ്രത്തിൽ ലഭിച്ചുകഴിയുമ്പോൾ അതി നായി രൂപീകരിച്ചിരിക്കുന്ന സബ് കമ്മിറ്റി അതെക്കുറിച്ചു പഠിച്ച് എപ്പാർക്കിയൽ അസംബ്ലിക്കുള്ള വിഷയാവതരണരേഖ തയ്യാറാക്കുന്നതാണ്. നമ്മുടെ രൂപതയുടെ ദൈവജനത്തിന്റെ ആത്മീയ ഉന്നമനത്തിനും സമഗ്രവളർച്ചയ്ക്കും പ്രചോദന മാകുവാൻ ഈ എപ്പാർക്കിയൽ അസംബ്ലിക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം<br>പാലാ, 14-07-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**<br>പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ 2023 ജൂലൈ 16-ാം തീയതി ഞായറാഴ്ച എല്ലാ ഇട വകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുവാനായി നല്കപ്പെട്ടതാണ്.

## സംയുക്ത സർക്കുലർ

## 23 Ch. 288-369

# പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ കേരള പി.എസ്.സി. പരീക്ഷാപരിശീലനം

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

മാറിക്കൊണ്ടിരിക്കുന്ന സാമൂഹികസാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽസമ്പാദനം, സുരക്ഷിതമായ സാമൂഹികജീവിതം, കുടുംബങ്ങളുടെ നിലനിൽപ്പ്, സമുദായശക്തീകരണം എന്നിവയ്ക്ക് ഊന്നൽ നൽകി നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ദിശാബോധം നൽകുവാനും അവരെ നയിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഒരു കാലത്ത് ക്രൈസ്തവസമൂഹത്തിന്റെ കെട്ടുറപ്പിനും ദൃഢമായ കുടുംബബന്ധങ്ങൾക്കും സാമ്പത്തിക പുരോഗതിക്കും നമ്മുടെ കാർഷിക പശ്ചാത്തലവും വിദ്യാഭ്യാസരംഗത്തെ മുന്നേറ്റവും കാരണമായിരുന്നു. ഇന്നു കാർഷികരംഗം പലവിധ പ്രതിസന്ധികളുടെ മധ്യത്തിലാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാതെ വയ്യ. പരിണമിച്ചുകൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും സാധ്യതകൾക്കുമനുസരിച്ച് സഭയുടെ വൈവിധ്യമാർന്ന പ്രവർത്തനമേഖലകളിലെല്ലാം വേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ടാണിരിക്കുന്നത്.

പ്രാഥമികവിദ്യാഭ്യാസത്തിനു പുറമെ ഉന്നതവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, തൊഴിൽകേന്ദ്രീകൃത വിദ്യാഭ്യാസം, മത്സരപരീക്ഷാ പരിശീലനം തുടങ്ങിയ രംഗങ്ങളിൽ കാലത്തിന്റെ ആവശ്യമനുസരിച്ചുള്ള ഇടപെടലുകളിലൂടെ പുതുതലമുറയെ സജ്ജമാക്കുകയും തൊഴിൽ രംഗത്തു മുന്നേറാൻ സഹായിക്കുകയും ചെയ്യുക ഇന്നിന്റെ ആവശ്യമാണ്. ഇതു തിരിച്ചറിഞ്ഞുതന്നെയാണ് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങളുടെ കേരളത്തിൽ തന്നെയുള്ള തൊഴിൽമേഖലകളിൽ നമ്മുടെ കുട്ടികളുടെ സാന്നിദ്ധ്യം ഉറപ്പിക്കാൻ പര്യാപ്തമായ പുതിയ കോഴ്സുകളും പരിശീലനപദ്ധതികളും ഫലപ്രദമായി നാം നടപ്പിലാക്കുന്നത്. ആധുനിക സൗകര്യങ്ങൾ, ശാന്തമായ പഠനാന്തരീക്ഷം, അദ്ധ്യാപനമികവ്, വിജയശതമാനം ഇക്കാര്യങ്ങളിൽ ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങളെന്നും മുൻപന്തിയിൽ തന്നെയാണ്. മികവാർന്ന ഈ സൗകര്യങ്ങളെ വേണ്ടത്ര പ്രയോജനപ്പെടുത്താത്തതുകൊണ്ടും വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും ആഭിമുഖ്യവും താല്പര്യങ്ങളും ശരിയായ ദിശയിൽ കേന്ദ്രീകരിക്കാത്തതുകൊണ്ടുമാകണം വിവിധ സർക്കാർജോലികളിൽ നമ്മുടെ സാന്നിദ്ധ്യം നാൾതോറും കുറഞ്ഞുവരുന്നത്. ഇതു സാമൂഹികസന്തുലിതാവസ്ഥയെയും കുടുംബങ്ങളുടെ നിലനിൽപ്പിനെത്തന്നെയും ഭയാനകമാംവിധം ബാധിച്ചു തുടങ്ങിയിരിക്കുന്നു. ഇതിനും പുറമെയാണ് കേരളത്തിൽനിന്നു വിദേശരാജ്യങ്ങളിലേക്ക് ഉണ്ടാകുന്ന വർദ്ധിച്ച തോതിലുള്ള കുടിയേറ്റം. കുടിയേറ്റക്കാരായ ഇളംതലമുറയെ അനുഗമിക്കുന്ന ആയിരക്കണക്കിനു മാതാപിതാക്കളും അന്യനാടിന്റെ ഭാഗമായിക്കൊണ്ടിരിക്കുന്നു. കേരളത്തിനു നല്ല തലച്ചോറുകൾ നഷ്ടപ്പെടുകയും പൂട്ടപ്പെടുന്ന വീടുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നത് വലിയ സാമൂഹികപ്രതിസന്ധിക്കു കാരണമാകുന്നുമുണ്ട്.

സിവിൽസർവീസ് രംഗത്തുള്ള കേരളത്തിന്റെ പ്രാതിനിധ്യം തീർത്തും ശുഷ്കമായ കാലത്താണ് ചങ്ങനാശേരി അതിരൂപതയുടെയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും നേതൃത്വത്തിൽ ഇന്റർഡയസിഷൻ സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് (IDCHRD) എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുകയും അതിന്റെ ആദ്യസംരംഭമായി പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 1998 ൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തത്. ഈ സ്ഥാപനത്തിന്റെ 25 വർഷത്തെ പരിശീലനമികവിന്റെ സാക്ഷ്യമായി 347 പേർ ഇന്ത്യൻ സിവിൽസർവീസിലും മറ്റനേകർ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉയർന്ന തസ്തികകളിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നു.

വർത്തമാനകാലത്തിന്റെ ആവശ്യം പരിഗണിച്ചും യുവജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ചു വിദ്യാഭ്യാസ-തൊഴിൽസംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന്റെ ഭാഗമായും മേൽപറഞ്ഞ ട്രസ്റ്റിന്റെ മറ്റൊരു സംരംഭമായി പി.എസ്.സി. കോച്ചിംഗ് ആരംഭിക്കാൻ തീരുമാനിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു. കേരളത്തിലെ സർക്കാർ സർവീസിൽ നിന്നുമാത്രം 25,000 നും 30,000 നും ഇടയിലും കേന്ദ്രസർക്കാർ ജോലികളിൽനിന്ന് അതിലേറെയും പേർ ഓരോ വർഷവും വിരമിക്കുന്നുണ്ട്. ഇങ്ങനെയുണ്ടാകുന്ന തൊഴിൽസാധ്യതകൾ മനസ്സിലാക്കി സ്കൂൾതലത്തിലും കോളേജുതലത്തിലുമുള്ള നമ്മുടെ കുട്ടികൾ ഉത്സാഹത്തോടെയും ആഗ്രഹത്തോടെയും പരിശ്രമിക്കുകയും പരിശീലിക്കുകയും ചെയ്താൽ വിജയം സ്വന്തമാക്കാവുന്നതേയുള്ളൂ. കേരള പി.എസ്.സി. പൊതുവിഭാഗത്തിൽ നാലു ലക്ഷം വരെ വാർഷികവരുമാനവും പഞ്ചായത്തിൽ രണ്ടര ഏക്കറിലോ മുനിസിപ്പാലിറ്റിയിൽ 75 സെന്റിലോ താഴെ സ്ഥലവുമുള്ള കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികൾക്കു 10% സാമ്പ

ത്തികസംവരണം ഏർപ്പെടുത്തിയത് ഏറെ അനുകൂലമായ സാഹചര്യമൊരുക്കിയിട്ടുണ്ട്. മാത്രവുമല്ല പരമ്പരാഗത ചോദ്യമാതൃകമാറി വിശകലനാത്മക ചോദ്യരീതിയാണ് ഇപ്പോൾ പി.എസ്.സി. നടപ്പിലാക്കിയിട്ടുള്ളത്. ഇതു നമ്മുടെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ യു.പി.എസ്.സി. പരീക്ഷയ്ക്കു നൽകിവരുന്ന പരിശീലനസമ്പ്രദായംതന്നെയാണ്. ഈ സാഹചര്യത്തിൽ പുതിയ മത്സരാധിഷ്ഠിത പഠനസമ്പ്രദായങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും ഏറ്റവും ഉചിതവും സൗകര്യപ്രദവുമായ ഇടം സിവിൽസർവീസ് ഇൻസ്റ്റിറ്റ്യൂട്ട് തന്നെയാണെന്നു ട്രസ്റ്റ് തീരുമാനിക്കുകയായിരുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS), കേന്ദ്ര സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, പി.എസ്.സി. എന്നിവയുടെ മത്സരപരീക്ഷകളിലൂടെ ഈ രാജ്യത്തുതന്നെ തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും ഉചിതമായ സ്ഥാപനവും അവസരവുമാണിത്.

കോളജ് വിദ്യാർത്ഥികൾക്കും ജോലിക്കാർക്കും സൗകര്യപ്രദമായവിധം ഈവനിംഗ് ക്ലാസ്സുകളും ഡിഗ്രിക്കാർക്കായി വീക്കെൻഡ് ബാച്ചുമാണ് ഇപ്പോൾ തുടങ്ങുന്നത്. 2023 ഓഗസ്റ്റ് 26-ാം തീയതി ശനിയാഴ്ച ക്ലാസ്സുകളാരംഭിക്കും.

നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സമഗ്രപുരോഗതിയും ബൗദ്ധികവളർച്ചയും തൊഴിൽസമ്പാദനവും ലക്ഷ്യംവെച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളെയും നന്ദിയോടെ സ്മരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. പ്രത്യേകിച്ച് ഈ സ്ഥാപനത്തിന്റെ സിൽവർജൂബിലിവർഷത്തിൽ ആരംഭിക്കുന്ന പി.എസ്.സി. മത്സരപ്പരീക്ഷാ പരിശീലനപരിപാടി

യിൽ നമ്മുടെ കുട്ടികളെ പരമാവധി പങ്കെടുപ്പിച്ച് അവരുടെ ഭാവി സുരക്ഷിതമാക്കാൻ മാതാപിതാക്കളെയും അദ്ധ്യാപകരെയും യുവതീയുവാക്കളെയും ആഹ്വാനം ചെയ്തു കൊണ്ട്

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

**9539381100, 9539371100, 04822 215831**
Email: civilpala@yahoo.com, Website: www.civilservicepala.com

NB: ഈ സംയുക്തസർക്കുലർ 2023 ഓഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ - 318

# സഭാനവീകരണത്തിന്റെ കർമ്മപഥങ്ങളിലൂടെ

കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC) വിഭാവനം ചെയ്തിരിക്കുന്ന മൂന്നു വർഷത്തെ സഭാനവീകരണം തീവ്രവും തീക്ഷ്ണവുമായ ഒരു പ്രക്രിയയാണ്. ഓരോ ക്രൈസ്തവനും പ്രത്യേകിച്ച് യുവതീയുവാക്കളും ഓരോ കുടുംബവും കടന്നുപോകേണ്ട ആഴമായ, നിരന്തരമായ ഒരു ദൈവാനുഭവവും ജീവിതശൈലീമാറ്റവുമാണ് ഈ സഭാനവീകരണം. വി. പൗലോസിന്റെ വാക്കുകളിൽ "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമാ 12:2). മൂന്നു വർഷത്തെ ഈ നവീകരണയാത്രയിൽ (1) വിശുദ്ധ കുർബാന (2) യുവത്വം (3) സുവിശേഷവല്ക്കരണം എന്നിങ്ങനെ മൂന്നു പ്രമേയങ്ങളാണ് മൂന്നു വർഷങ്ങളിലായി വിചിന്തനത്തിനു നല്കപ്പെട്ടിരിക്കുന്നത്. ഈ നവീകരണം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് സ്വന്തം ആത്മരക്ഷയും മറ്റുള്ളവരുടെ രക്ഷയുമാണ്. തിരുവചനത്തിന്റെ പ്രബോധനം ശ്രദ്ധിക്കുക: "പൂർവ്വാധികം ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ." (ഫിലി 2:12)

പന്തക്കുസ്താദിനത്തിൽ വി. പത്രോസിന്റെ ആദ്യ വചനപ്രഘോഷണം കേട്ട് ഹൃദയം നുറുങ്ങി പശ്ചാത്തപിച്ച്, സ്നാനം സ്വീകരിച്ച്, പരിശുദ്ധാത്മാവിന്റെ നിറവിൽ സമാരംഭിച്ച കത്തോ

ലിക്കാസഭയുടെ നാലു നെടുംതൂണുകൾ ദൈവവചനം, കൂട്ടായ്മ, വി. കുർബാന, പ്രാർത്ഥന എന്നിവയാണ് എന്ന് തിരുവചനം (അപ്പ. പ്രവ. 2:42) സാക്ഷ്യപ്പെടുത്തുന്നു. സഭാകൂട്ടായ്മയിൽ തിരുവചനം മുറിക്കുന്നതും വി. കുർബാനയിൽ അപ്പം മുറിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതുമാണ് ആദിമസഭയ്ക്കെന്നപോലെ, ഇന്നും സഭയിൽ ശരിയായ ദിശാബോധവും ആഴമായ ദൈവാനുഭവവും സുദൃഢമായ ഐക്യവും ഔദാര്യപൂർവമായ പങ്കുവയ്ക്കലും സംഭവിക്കാൻ ഇടയാക്കുന്നത്. ആദിമസഭയിൽത്തന്നെ ഈ ചൈതന്യത്തിനു കോട്ടം വരുത്തുന്ന ഭൗതികവ്യഗ്രതകൾ ഉടലെടുത്തപ്പോൾ അപ്പസ്തോലന്മാർ അവ മുളയിലെ തന്നെ നുള്ളിക്കളഞ്ഞു. അവരുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശയിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല.... അതിനാൽ ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" (അപ്പ. പ്രവ. 6:24).

ഈ വർഷം ഊന്നൽ കൊടുക്കുന്നത് വി. കുർബാനയുടെ അർത്ഥവത്തായ അർപ്പണത്തിനും അതിനു സഹായകമായ സജീവപങ്കാളിത്തത്തിനും പഠനത്തിനും പ്രാർത്ഥനയ്ക്കുമാണ്. കൊറോണാക്കാലത്തിനുശേഷം ഈ രംഗത്തുണ്ടായിട്ടുള്ള വീഴ്ചകളും വിശ്വാസക്കുറവും മന്ദതയും നിഷ്ക്രിയത്വവും പരിഹരിച്ച് ഓരോ ഇടവകയിലും തീക്ഷ്ണതയുള്ള ഒരു ആരാധനാസമൂഹം പണിതുയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനായി നമ്മുടെ രൂപതയിൽ വിവിധങ്ങളായ കർമ്മപദ്ധകൾ ആവിഷ്കരിക്കുകയാണ്. വി. കുർബാനയുടെ പ്രസക്തിയും പ്രാധാന്യവും ഓർമ്മപ്പെടുത്താനും ആഴപ്പെടുത്താനും 2023 സെപ്റ്റംബർ 18 മുതൽ 22 വരെയുള്ള തീയതികളിലായി 'Grand Eucharistic Mission' (GEM-2023) സംഘടിപ്പിക്കുകയാണ്. ബഹു. വൈദികരും ബഹു. സിസ്റ്റേഴ്സും ബഹു. അല്മായ

രും ഉൾപ്പെടുന്ന നാല്പതോളം ടീമുകൾ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. അഞ്ചുദിവസംകൊണ്ട് രൂപത മുഴുവനിലും ദിവ്യകാരുണ്യ പ്രഘോഷണം നടത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒപ്പം പാലാ രൂപത ബൈബിൾ കൺവൻഷനോട് ചേർത്ത് ഒരു രൂപതാതല ദിവ്യകാരുണ്യകോൺഗ്രസ് കൂടി നാം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ രൂപത, ഫൊറോന, ഇടവക, കുടുംബതലങ്ങളിൽ സംഘടിപ്പിക്കേണ്ട മറ്റുചില കർമ്മ പദ്ധതികൾ കൂടി ചുവടെ ചേർക്കുന്നു.

നമ്മുടെ രൂപതയിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും ശുശ്രൂഷകൾക്കും ഊർജ്ജവും ശക്തിയും പകരുന്നത് സ്ഥിരമായ, അനുസ്യൂതമായ മദ്ധ്യസ്ഥപ്രാർത്ഥനയാണ്. ഓരോ ഇടവകയുടെയും മുമ്പിൽ ഞാൻ ഒരു നിർദ്ദേശവും വെല്ലുവിളിയും വയ്ക്കുകയാണ്. കൊറോണാക്കാലത്ത് നമ്മുടെ മുഴുവൻ ദൈവാലയങ്ങളും അടഞ്ഞുകിടന്നെങ്കിൽ നമ്മുടെ 171 ഇടവകകളും 24 മണിക്കൂറും തുറന്നുകിടക്കാനും അവിടെനിന്നു മുഴുവൻ സമയവും പ്രാർത്ഥനയും ആരാധനയും ഉയരുവാനും ഇടയാക്കുന്ന ഒരു പദ്ധതി. ഓരോ ഇടവകയിലും 30 കുടുംബങ്ങൾ എങ്കിലും മുന്നോട്ടുവന്നാൽ ഈ പദ്ധതി നടപ്പിലാക്കാനാവും. മാസത്തിൽ ഒരിക്കൽ ഒരു കുടുംബമെങ്കിലും 24 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും തയാറായാൽ, അങ്ങനെ മുഴുവൻ ദൈവാലയങ്ങളും നിരന്തരമായ പ്രാർത്ഥനയുടെ സങ്കേതങ്ങളായി മാറിയാൽ നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും വ്യക്തികളിലും ഉണ്ടാകുന്ന നവീകരണവും മാറ്റങ്ങളും അദ്ഭുതാവഹമായിരിക്കും എന്നു നിസ്സംശയം പറയാം. എല്ലാ പ്രശ്നങ്ങൾക്കും വി. കുർബാനയിലും ദിവ്യകാരുണ്യആരാധനയിലും നമുക്ക് ഉത്തരം കണ്ടെത്താം. അതുകൊണ്ട്, ഈ നവീകരണവർഷങ്ങളിൽ ഇങ്ങനെയൊരു ശുശ്രൂഷകൂടി ഇടവകകളിൽ നടപ്പിലാക്കാൻ ഞാൻ നിങ്ങളോടു നിർദ്ദേശിക്കുന്നു.

## കർമ്മപദ്ധതികൾ

**1. കേരള സഭാതലം**

1. ദിവ്യകാരുണ്യ കോൺഗ്രസ് ഡിസംബർ 1, 2, 3 തീയതികളിൽ വല്ലാർപാടം ബസ്ലിക്കായിൽ

**2. രൂപതാതലം**

ദിവ്യകാരുണ്യ കോൺഗ്രസ്

Grand Eucharistic Mission (GEM - 2023)

ദിവ്യകാരുണ്യ പ്രദക്ഷിണങ്ങൾ

നാല്പതുമണി ആരാധന

പതിമൂന്നുമണി ആരാധന

**3. ഫൊറോനാതലം**

യുവജനസംഗമം

സന്യസ്ത സമർപ്പിത സംഗമം

വൈദികർക്കായി പ്രാർത്ഥിക്കുന്ന സെൽ

അൾത്താരശുശ്രൂഷകരുടെ സംഗമം

കരിയർ ഗൈഡൻസ്

**4. ഇടവകതലം**

Grand Eucharistic Mission (GEM - 2023)

ദിവ്യകാരുണ്യ ദിനാചരണം

അനുദിന ദിവ്യകാരുണ്യ ആരാധന

ദിവ്യകാരുണ്യ പ്രദക്ഷിണം

വാർഷിക ദിവ്യകാരുണ്യ ധ്യാനം

നിരന്തര ആരാധന

പ്രബോധനങ്ങൾ

ചർച്ചകൾ (ഭക്തസംഘടനകളുടെ നേതൃത്വത്തിൽ)

ബൈബിൾ പകർത്തിയെഴുത്ത്
(കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ)

കുടുംബക്കൂട്ടായ്മ ചർച്ചകൾ

ജാഗ്രതാസെൽ രൂപീകരണം

ദിവ്യകാരുണ്യഅത്ഭുതങ്ങളുടെ വീഡിയോ പ്രദർശനം

**5. കുടുംബതലം**

കുടുംബമതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും വൈകിട്ട് 8 മുതൽ 9 വരെ വിശ്വാസപരിശീലനം)

ഏകീകൃതസന്ധ്യാപ്രാർത്ഥനാസമയം

ദിവ്യകാരുണ്യ പ്രാർത്ഥനകൾ

വചനവായന

വചനം മനഃപാഠമാക്കൽ (വചനനിധി)

വചനരചന

ദിനംപ്രതി ഒരാളെങ്കിലും പരി. കുർബാനയിൽ പങ്കെടുക്കുക.

കിടപ്പുരോഗികൾക്കുള്ള ആത്മീയശുശ്രൂഷ.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

+Jos Kallarangatt

| | |
|---|---|
| മെത്രാസനമന്ദിരം | **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്** |
| പാലാ, 14-07-2023 | പാലാ രൂപത മെത്രാൻ |

---

NB: ഈ സർക്കുലർ 2023 ഓഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No: 3885/K-5/KCBC/OL/DS 10.07.2023

# 2023 ഡിസംബർ മാസത്തിലെ കേരളാദിവ്യകാരുണ്യകോൺഗ്രസ്സ് സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രവർത്തനരേഖ**യുടെ അടിസ്ഥാനത്തിലാണ് കേരളസഭ-രൂപത-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

**ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം**

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നല്കുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

**ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ**

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകളിൽ നിന്നായി അയ്യായിരം അല്മായപ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വോളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽനിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യവികാരിജനറാൾ, ഫെറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്ന്യസ്തസമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു സന്ന്യാസിനി/സന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

**സാമ്പത്തിക കാര്യങ്ങൾ**

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

**ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ**

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യകോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങ

ളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയശേഷം അവരെ രൂപതാതലത്തിൽ വിളിച്ചുചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

**ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ**

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയപ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യ

കാരുണ്യ സ്നേഹത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശികളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**
**കാതോലിക്കാ ബാവ**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**

**ബിഷപ് ഡോ. അലക്സ് വടക്കുംതല**

Ref: 3887/K-5/KCBC/OL/DS 15.07.2023

# തടവറ പ്രേഷിതഞായർ

**(ആഗസ്റ്റ് 13, 2023)**

"നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും."
(ലൂക്കാ 23, 43)

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാസഭ ഇന്ന് തടവറ പ്രേഷിതഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നതസാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽപ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാമെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിതഞായറായി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായിമാറിയവരെയും സവിശേഷമായവിധം നാമിന്നു സ്മരിക്കുന്നു.

"ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്നു സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവഹണവുമാണ് ആഴത്തിലും അർത്ഥ

പൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണു ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് 'ജീസസ് ഫ്രട്ടേണിറ്റി' എന്ന പ്രേഷിതസംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളംപേർ തടവറകളിൽ കഴിയുന്നുണ്ട് അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽത്തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നതു കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന

തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്കു സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്ത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാസഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്ക് എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനുമാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമാഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യൻ സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കുമെന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തി

ക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണിത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളുമായും രൂപതകളുമായും ബന്ധപ്പെട്ട പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്രപുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷ്ണമായ പ്രാർത്ഥനയും സാമ്പത്തികസഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവം നടത്തുന്ന സമർപ്പിതസഹോദരിമാർക്കും വൈദികർക്കുംവേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്നു മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ-പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞിറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും

സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നു പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കുപിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

"ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു" എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പീരിയർമാരോടും ഗുണകാംക്ഷികളോടും തടവറശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്കു നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവ

സിപ്പിക്കുന്നതിനുംവേണ്ടി ജീസസ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്കു സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കുറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി: 682 025

---

NB: 2023 ഓഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ:** പ്രിയ സഹോദരീസഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ, ബന്ധനസ്ഥരും പാർശ്വവത്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാത്മാവിനാൽ നമ്മെ പ്രചോദിതരാക്കണമെന്ന് നമുക്കു കർത്താവിനോട് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങയുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവച്ചു. അഴികൾക്കു പിന്നിലുള്ള ഞങ്ങളുടെ സഹോദരീസഹോദരന്മാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരികാസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിലധികാരികൾക്കു നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏറ്റം ഒടുവിലായിരിക്കുന്നവർക്കുംവേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ വോളണ്ടിയർമാരുടെമേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണമായ തീരുമാനത്തിൽ എത്തിച്ചേരാൻവേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്നു മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരംനീട്ടി അഴികൾക്കു പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമ്മേൻ.

Ref: 3889/K-5/KCBC/OL/DS 24.07.2023

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

**2023 ആഗസ്റ്റ് 20 ഞായർ**

## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവസഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കുമതക്കാർക്കും 1990 ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരേ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നതനീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി KCBC സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതിവരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്ക് KCBC സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭവക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ, വിദ്യാഭ്യാസയോഗ്യതയുള്ള ദളിത് കത്തോ

ലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപന ങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗനിയ മനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെ ടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പി ക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമി ക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനാ യുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduation (60%) എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്ന താണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്ക ണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/ BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭ യിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബ ലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവനശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.

# EPISCOPAL GOLDEN JUBILEE CELEBRATION OF MAR JOSEPH PALLIKAPARAMPIL

**15 August 2023, St Thomas Cathedral Palai, 10.00 am**

We, the Bishop, priests, religious and lay faithful of the Eparchy of Palai are very happy to invite you for the Episcopal Golden Jubilee Celebration of Mar Joseph Pallikaparampil, Bishop Emeritus of Palai. The function is scheduled to be held on 15 August 2023 at St Thomas Cathedral, Pala. The event begins with the concelebration of Holy Qurbana at 10.00 a.m. which will be followed by public meeting in the parish hall.

Mar Joseph Pallikaparampil was born on 10 April 1927 at Mutholapuram. He was ordained priest on 23 November 1958 in Rome. In 1962 he was appointed professor of Philosophy at the St. Thomas Apostolic Seminary Vadavathoor, Kottayam. He was nominated Auxiliary Bishop to Mar Sebastian Vayalil while serving the seminary as its rector and was ordained on 15 August 1973. Following the retirement of Mar Sebastian Vayalil he was appointed the Bishop of Palai on 06 February 1981. After his retirement on 02 May 2004, he continues to serve the Church with his prayerful life.

The public meeting will be inaugurated by Major Archbishop Mar George Cardinal Alencherry and will be presided over by Major Archbishop Moron Mor Baselios Cardinal Cleemis.

Once again we cordially invite you to the Golden Jubilee celebration on 15 August 2023 at St Thomas Cathedral, Palai.

Yours Sincerely,

+ Jos Kallarangatt

Bishop Joseph Kallarangatt
Bishop, Eparchy of Palai

## PROGRAMME

| | | |
|---|---|---|
| 10.00 am | : | **Concelebration of the Holy Qurbana** |
| | | **Celebrant:** Mar Joseph Pallikaparampil |
| | | **Homily:** Mar George Cardinal Alencherry |
| 11.30am | : | **Public Meeting** |
| | | **Prayer** |
| | | **Welcome:** |
| | | Mar Joseph Kallarangatt |
| | | **Inaugural Address:** |
| | | Mar George Cardinal Alencherry |
| | | **Presidential Address:** |
| | | Moron Mor Baselios Cardinal Cleemis |
| | | **Felicitations:** |
| | | Mar Joseph Perumthottam |
| | | Dr K.K.Jose |
| | | **Reply:** |
| | | Mar Joseph Pallikaparampil |
| | | **Vote of Thanks:** |
| | | Very Rev. Fr Joseph Thadathil |
| 01.00 pm | : | Lunch |

## ജൂബിലിയോട് അനുബന്ധിച്ച് നല്കുന്ന നിർദ്ദേശങ്ങൾ

1. രൂപതയിലെ എല്ലാ സംഘടനകളുടെയും രൂപതാതല ഭാരവാഹികളിൽനിന്ന് രണ്ടുപേരെ ജൂബിലിയാഘോഷത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ഇടവകകളിൽനിന്ന് വൈദികരോടൊപ്പം നടത്തുകൈക്കാരന്മാരും ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിച്ചേരേണ്ടതാണ്.

3. ഓഗസ്റ്റ് 15 കടമുള്ള ദിവസമായതിനാൽ എല്ലാ വൈദി കർക്കും ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കില്ലല്ലോ. 11.30 നു നടക്കുന്ന പൊതുസമ്മേളനത്തിലും തുടർന്നുള്ള സ്നേഹവിരുന്നിലും എല്ലാ വൈദികരും പങ്കെടുക്കുമല്ലോ.

4. രൂപതാകേന്ദ്രത്തിലും ഷലോം പാസ്റ്ററൽ സെന്ററിലും ശുശ്രൂഷ ചെയ്യുന്ന വൈദികരും 17 ഫൊറോന വികാരി മാരും പരിശുദ്ധ കുർബാനയിൽ സഹകാർമ്മികരായി പങ്കെടുക്കേണ്ടതാണ്. പരിശുദ്ധ കുർബാനയിൽ ഉപയോഗിക്കേണ്ട തിരുവസ്ത്രങ്ങൾ (കൊത്തീന, സൂനാറ, ഊറാറ, സന്ദേ, പൈന) കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.

# സംഭാവനശേഖരണം

**1. സമ്പർക്കമാധ്യമദിനം**

ഓഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ സമ്പർക്കമാധ്യമദിന സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക സെപ്റ്റംബർ 15 നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

**2. തടവറ പ്രേഷിതദിനം, ജസ്റ്റിസ് സൺഡേ**

ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച തടവറപ്രേഷിതദിനത്തോടനുബന്ധിച്ചും ഓഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയോടനുബന്ധിച്ചും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാനമദ്ധ്യേ പ്രത്യേക സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക സെപ്റ്റംബർ 15 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.


## പാലാ കമ്മ്യൂണിക്കേഷൻസ്

### പുതിയ നാടകം

## ജീവിതം സാക്ഷി

**നിർമ്മാണം** : **ഫാ. തോമസ് വാലുമ്മേൽ**
**രചന** : **മുഹാദ് വെമ്പായം**
**സംവിധാനം** : **സുരേഷ് ദിവാകർ**

ആധുനികകാലഘട്ടത്തിന്റെ ആവശ്യമറിഞ്ഞ് അവതരിപ്പിച്ചിരിക്കുന്നു. ലഹരിക്കെതിരേയുള്ള ശക്തമായ ബോധവത്കരണം. നാടകം കണ്ടവരെല്ലാം വളരെ നല്ല അഭിപ്രായം പറയുന്നു. പള്ളികൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അവതരിപ്പിക്കുവാൻ ഏറ്റവും അനുയോജ്യമായ കലാരൂപം.

നല്ല നാടകമായതിനാൽ തിരുനാളുകൾക്ക് നേരത്തെ ബുക്കു ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

Contact: ഫാ. തോമസ് വാലുമ്മേൽ
9446126556, 9048306071

# കച്ചേരിക്കാര്യം

## Transfer & Appointments (July 2023)

| Name | Office |
|---|---|
| 1. Vadakkethakidyel Kuriakose | Asst. Vicar, Cherpunkal |
| 2. Karikulam Joseph | Pro Director, Alphonsian Academy of Religious Sciences |
| 3. Alappattumedayil Mathew | Relieved, Asst. Director, Alphonsian Academy of Religious Sciences |
| 4. Kuttiankal Joseph | Relieved, Pro-Director, Alphonsian Academy of Religious Sciences |
| 5. Pandaraparampil Jacob | Senior Asst. Vicar, Aruvithura |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സിനായി വാക്ക്-ഇൻ-ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ്നഴ്സിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ റജിസ്ട്രേഷനും ഉള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവസഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണം**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണംനടത്തി. പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനംചെയ്തു. മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ഡോക്ടർമാരായ ഡോ. പി.ടി. തോമസ്, ഡോ. മാത്യു ഏബ്രഹാം എന്നിവരെയും രാജ്യാന്തരതലത്തിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച ഡോ. മെറിൻ യോഹന്നാൻ, ഡോ. നീതു മേരി ജോർജ് എന്നിവരെയും ആദരിച്ചു.

**മാർ സ്ലീവാമെഡിസിറ്റിയിൽ ഒപ്റ്റിക്കൽ ഷോപ്പ് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഒപ്റ്റിക്കൽ ഷോപ്പ് പ്രവർത്തനം ആരംഭിച്ചു. മെഡിസിറ്റിയുടെ സ്ഥാപകനും രക്ഷാധികാരിയുമായ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനംചെയ്തു. ദർശന ഒപ്റ്റിക്കൽസുമായി സഹകരിച്ചുനടത്തുന്ന ഷോപ്പിൽനിന്ന് ഉയർന്ന ഗുണനിലവാരമുള്ള ഫ്രെയിമുകൾ, ലെൻസുകൾ എന്നിവ ലഭിക്കും.

**മാർ സ്ലീവാ മെഡിസിറ്റി സി.ഇ.ഒ. ജസ്റ്റിൻ തോമസിന് ദേശീയബഹുമതി**

വേൾഡ് ക്വാളിറ്റി കോൺഗ്രസ് ആൻഡ് അവാർഡ്സിന്റെ ഹൈയസ്റ്റ് ക്വാളിറ്റി ഓറിയന്റേഷൻ സി.ഇ.ഒ.യ്ക്കുള്ള പുരസ്കാരം പാലാ

മാർ സ്ലീവാ മെഡിസിറ്റി സി.ഇ.ഒ. ജസ്റ്റിൻ തോമസിനു ലഭിച്ചു. മുംബൈ താജ് ലാൻഡ്സ് എൻഡിൽ നടന്ന വേൾഡ് ലീഡർഷിപ് കോൺഗ്രസ് ആൻഡ് അവാർഡ്സിൽ വേൾഡ് സി.എസ്.ആർ ഡേ ഫൗണ്ടർ ഡോ. ആർ.എൽ. ഭാട്യയിൽനിന്നു പുരസ്കാരം ഏറ്റു വാങ്ങി.

**മുട്ടുചിറയിൽ സൗജന്യ മെഗാമെഡിക്കൽ ക്യാംപ്**

പാലാ മാർ സ്ലീവാ മെഡിസിറ്റിയും മുട്ടുചിറ ഹോളിഗോസ്റ്റ് ആശുപത്രിയുംചേർന്ന് മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറാനപള്ളിയിൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. രണ്ടു ആശുപത്രികളിലെയും ആറു വീതം ചികിത്സാവിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്യംനൽകി. 200–ൽപരം ആളുകൾ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു. മുട്ടുചിറ ഹോളിഗോസ്റ്റ് ഫൊറോനാചർച്ച് വികാരി വെരി റവ. ഫാ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനംചെയ്തു.

**മാർ സ്ലീവാമെഡിസിറ്റിയിൽ ഹിപ്പ് ആർത്രോസ്കോപ്പി ചികിത്സാവിഭാഗം ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച ഹിപ്പ് ആർത്രോസ്കോപ്പി ചികിത്സാവിഭാഗത്തിന്റെ ഉദ്ഘാടനം പ്രശസ്ത ആർത്രോസ്കോപ്പി വിദഗ്ദനും അമര ഹോസ്പിറ്റൽ ചെയർമാനുമായ ഡോ. പ്രസാദ് ഗൗരിനേനി നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ രണ്ടാമത് ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനംചെയ്തു.**

മാർ സ്ലീവാമെഡിസിറ്റിയിൽ രണ്ടാമത്തെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. മെഡിസിറ്റിയുടെ സ്ഥാപകനും രക്ഷാധികാരിയുമായ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പുതിയ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇതോടെ 27 പേർക്ക് ഒരേസമയം ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യമായി.

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. വി. അൽഫോൻസാമ്മയുടെ തിരുനാൾ കൊടിയേറ്റ്**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 19 ബുധൻ മുതൽ 28 വെള്ളി വരെ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഭക്തിനിർഭരമായി ആഘോഷിച്ചു. 19 ന് രാവിലെ 11:15 ന് പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ എന്നീ പിതാക്കന്മാരുടെ മഹനീയസാന്നിദ്ധ്യത്തിൽ ഈ വർഷത്തെ തിരുനാളിനു കൊടിയേറ്റി സന്ദേശം നൽകി. തീർത്ഥാടനകേന്ദ്രം റെക്ടർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ആമുഖ പ്രസംഗം നടത്തി.

തിരുനാൾ ദിവസങ്ങളിൽ വി. കുർബാന അർപ്പിച്ച മെത്രാന്മാർ

19/7 മാർ പീറ്റർ കൊച്ചുപുരയ്ക്കൽ (പാലക്കാട്)
20/7 മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ (താമരശ്ശേരി)
21/7 മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (സീറോ മലബാർ കൂരിയ മെത്രാൻ)
22/7 ബിഷപ്പ് സ്റ്റാൻലി റോമൻ (കൊല്ലം രൂപത മുൻ ബിഷപ്)
23/7 മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ്)
24/7 മാർ തോമസ് പാടിയത്ത് (ഷംഷാബാദ്)
25/7 മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി)
26/7 മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി)
27/7 തോമസ് മാർ കൂറിലോസ് (തിരുവല്ല അതിരൂപതാ മെത്രാപ്പോലീത്താ)
മാർ ജോൺ നെല്ലിക്കുന്നേൽ (ഇടുക്കി രൂപത)
28/7 മാർ ജോസഫ് കല്ലറങ്ങാട്ട്

ദിവസവും രാവിലെ 05.30, 06,45, 08.30, 11.30 ഉച്ചകഴിഞ്ഞ് 02.30, 05.00, രാത്രി 7.00, എന്നീ സമയങ്ങളിൽ വി. കുർബാനകൾ ഉണ്ടായിരുന്നു. വൈകുന്നേരം 5 നുള്ള വി. കുർബാനയ്ക്കുശേഷം ജപമാല പ്രദക്ഷിണം നടത്തി.

**2. ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2023 ജൂലൈ 2 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വി കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു.

**3. രാത്രി ആരാധന**

2023 ജൂലൈ 29 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ബ്രദർ തോമസ് പോൾ നയിച്ച രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**4. ജപമാല പ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽഎല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചുമണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിൽ ജൂലൈ മാസത്തെ ജപമാല പ്രദക്ഷിണങ്ങൾക്കു നേതൃത്വം നൽകുന്ന ഇടവകകൾ: ഉള്ളനാട് (01/07/2023), കവീക്കുന്ന് (08/07/2023), വേഴങ്ങാനം (15/07/2023), പിഴക് (29/07/2023) എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു.

ആഗസ്റ്റ് മാസത്തെ ജപമാലപ്രദക്ഷിണങ്ങൾക്കു നേതൃത്വംനൽകുന്ന ഇടവകകൾ: കാവുംകണ്ടം (5/8/2023), ഇളന്തോട്ടം(12/08/2023), പ്ലാശനാൽ (19/08/2023),അന്ത്യാളം (26/08/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. കലോത്സവം 2023-2024**

ഈ വർഷത്തെ രൂപതാകലോത്സവം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ബുള്ളറ്റിൻ (Bulletin No. 2/2023-24 ) Pdf രൂപത്തിൽ വികാരിയച്ചന്മാരുടെയും സൺഡേ സ്കൂൾ ഡയറക്ടർമാരുടെയും പ്രഥമാധ്യാപകരുടെയും WhatsApp ഗ്രൂപ്പുകളിൽ നല്കിയിട്ടുണ്ട്. മത്സരയിനങ്ങളും മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും മറ്റു വിശദാംശങ്ങളും ഈ വാർത്താപത്രികയിൽനിന്നു വായിച്ചു മനസ്സിലാക്കാവുന്നതാണ്. ഈ വർഷത്തെ രൂപത രചനാമത്സരങ്ങൾ 2023 സെപ്റ്റംബർ 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചും കലാമത്സരങ്ങൾ 2023 ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ചേർപ്പുങ്കൽ ഹോളി ക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ചും നടത്തപ്പെടും.

**2. രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപത പ്രമോട്ടർമാരുടെ സൺഡേസ്കൂൾ സന്ദർശനത്തിനു മുന്നോടിയായി രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2023 ജൂലൈ 8 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**3. പ്രമോട്ടർമാരുടെ സന്ദർശനം**

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപത പ്രമോട്ടേഴ്സ് 2023 ജൂലൈ 16 ഞായറാഴ്ച മുതൽ സൺഡേ സ്കൂൾസന്ദർശനം ആരംഭിച്ചു.

**4. സ്കോളർഷിപ്പ്‌വിതരണം**

2022-2023 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗപരിശീലന പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പ് വിതരണം 2023 ഓഗസ്റ്റ് 15 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്.

**5. CTP കോഴ്സ് 2023 -2024**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ സി.റ്റി.പി. കോഴ്സിന്റെ ക്ലാസ്സുകൾ 2023 ജൂലൈ 8, 17 തീയതികളിൽ നടന്നു. റവ. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, റവ. ഫാ. തോമസ് വടക്കേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഈ വർഷം 201 പേർ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്.

**ഓഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ:**

| | | |
|---|---|---|
| 12 Saturday | Bible III | : Fr. Sebastian Kuttianickal |
| 28 Monday | Catechesis-Methodology | : Mr. T.C. Thankachan |
| 30 Wednesday | Bible III | : Fr. Sebastian Kuttianickal |

**6. സർട്ടിഫിക്കറ്റ് വിതരണം**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ സി.റ്റി.പി. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 140 പേർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2022-2023 വിശ്വാസപരിശീലനവർഷത്തിലെ സി.റ്റി.പി. കോഴ്സിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയവർക്കും എല്ലാ ദിവസവും ഹാജരായവർക്കും 2023 ജൂലൈ 17 -ാം തീയതി നടന്ന സി.റ്റി.പി. ക്ലാസ്സിൽ വച്ച് Cash Prize ഉം സമ്മാനങ്ങളും നല്കി.

**ഉയർന്ന മാർക്ക് നേടിയവർ**

I^st^ - Kukku Thomas, Paduva

II^nd^ - Alphonsa Shaji, Poovarany

II^nd^ - Irine Theresa Dius, Marangattupilly

III^rd^ - Merees Maria Jose, Kanjiramattom

**എല്ലാ ദിവസവും ഹാജരായവർ**

1. Sr. Nicy Vettathu D.S.T. Aruvithura
2. Golda Francis, Josemount
3. Anjaly Zacharias, Kuruvinal
4. Reenamma John, Mevada
5. Soumya John, Moolamattom
6. Kochurani Sojan, Moonnilavu
7. Nivin Mathew, Moonnilavu
8. Maria Jose, Piousmount

**7. ജീവദർശൻ കോഴ്സ് 2023-2024**

രൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സംഘടിപ്പിക്കുന്ന തുടർപരിശീലനപദ്ധതിയായ ജീവദർശൻ കോഴ്സ് 2023 ജൂലൈ 17 തിങ്കളാഴ്ച ആരംഭിച്ചു.

**8. സഭാതല Teachers Training Programme**

സീറോ മലബാർ സഭയുടെ മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപതയിലെ DBCLC-യിൽ വച്ച് 2023 ജൂലൈ 7 മുതൽ 9 വരെ തീയതികളിലായി നടന്ന സഭാതല Teachers Training Programme ൽ നമ്മുടെ രൂപതയിൽനിന്ന് ശ്രീ മാത്യു എം കുര്യാക്കോസ് മഠത്തിൽ, ശ്രീ ടെജിൽ തോമസ് വടക്കേക്കുറ്റ്, ശ്രീ ജോബിൻ ജോബ് മാത്തൻ പള്ളിയമ്പിൽ എന്നിവർ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ (ഡയറക്ടർ)**

# പാലാ മിഷൻ – അദിലാബാദ്

**1. ദുക്റാന തിരുനാൾ**

പാലാ മിഷനിലെ എല്ലാ പള്ളികളിലും മാർത്തോമാശ്ലീഹായുടെ ഓർമ്മ ദിനം ആഘോഷപൂർവ്വം നടത്തി. അദിലാബാദ് രൂപതയിലെ റാളം മേട്ടുപള്ളി പള്ളിയിൽ ഫാ. മാത്യു പുതിയിടത്ത് തിരുനാൾ കുർബാനയും വചന പ്രഘോഷണവും നടത്തി. നവീകരിച്ച ബോർഡിംഗിന്റെ വെഞ്ചെരിപ്പും നടത്തി.

**2. കർമ്മലമാതാ തിരുനാൾ**

കർമ്മലമാതാവിന്റെ തിരുനാൾ പാലാ മിഷൻ പള്ളികളിൽ സമുചിതമായി ആഘോഷിച്ചു. വെങ്കിട്ടപുരം C.M.C. കോൺവെന്റിൽ പാലാ മിഷൻ വൈദികർ ഒന്നുചേർന്ന് പ്രാർത്ഥന നടത്തുകയും തിരുനാളാശംസകൾ അർപ്പിക്കുകയും ചെയ്തു. അദിലാബാദ് രൂപതയുടെ മന്ദമാരി കർമ്മൽ മാതാ പള്ളിയിൽ തിരുനാളിനു പ്രാരംഭമായി ഫാ. മാത്യു പുതിയിടത്ത് കൊടിയേറ്റ്, വി. കുർബാന, വചനപ്രഘോഷണം എന്നിവ നടത്തി.

**3. അമ്മസംഘം**

ജൂലൈ 9 ന് വെങ്കിട്ടപുരം പള്ളിയിൽ അമ്മമാരുടെ ഒത്തുചേരൽ നടന്നു. സി. ഉഷറ്റ് C.M.C. ക്ലാസ്സുകൾ നയിച്ചു. ഫാ. ഐസക് കുറിച്ചിയേൽ, ഫാ. ജോസഫ് കൂവള്ളൂർ എന്നിവർ നേതൃത്വം നൽകി.

**4. വയോജനദിനം**

ജൂലൈ 23 ന് പാലാ മിഷനിലെ പള്ളികളിൽ വയോജനങ്ങളുടെ കൂട്ടായ്മ നടന്നു. വി. കുർബാനയ്ക്കുശേഷം വയോജനങ്ങളെ ഷാൾ അണിയിച്ച് ആദരിച്ചു. മധുരപലഹാരങ്ങൾ നൽകി.

**5. മിഷൻ സന്ദർശനം**

ജൂലൈ 22 മുതൽ 25 വരെ കോഹിമ രൂപതയിൽനിന്ന് ഫാ. റ്റോജെസ് പറയടിയിൽ CST പാലാ മിഷനിൽ സന്ദർശനം നടത്തി.

**6. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

## A. സെന്റ് തോമസ് കുർബാന സെന്റർ, ബാറൂച്ച്

1. മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
2. ഇടവകാംഗങ്ങൾക്കായി ബൈബിൾക്വിസ് നടത്തപ്പെട്ടു. ഇടവകാംഗങ്ങൾ ബൈബിൾക്വിസിൽ സജീവമായി പങ്കെടുത്തു.
3. യുവജനങ്ങൾക്കായി ഷംഷാബാദ് രൂപത നടത്തിയ വെബിനാറിൽ ഇടവകയിലെ യുവജനങ്ങൾ പങ്കെടുത്തു.

## B. സെന്റ് മേരീസ് ചർച്ച്, വഡോദര

1. ജൂലൈ മൂന്നാം തീയതി വിശുദ്ധ കുർബാനയ്ക്കുശേഷം പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാർക്ക് വികാരിയച്ചൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.
2. ജൂലൈ 23-ാം തീയതി ഗ്രാന്റ് പേരന്റ്സ് ഡേ ആചരിച്ചു. ഇടവകയിലെ ഗ്രാന്റ് പേരന്റ്സിനു വേണ്ടി അന്നത്തെ വിശുദ്ധ കുർബാനയിൽ പ്രത്യേകം പ്രാർത്ഥിക്കുകയും ആ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാവരേയും ഉദ്ബോധിപ്പിക്കുകയും സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

## C. സെന്റ് അൽഫോൻസാ പള്ളി, മാനേജ

1. ദുക്റാനത്തിരുനാൾ ആചരിച്ചു. ജൂലൈ 3 ന് മാനേജ പള്ളിയിൽ ദുക്റാനത്തിരുനാൾ സമുചിതമായി ആചരിച്ചു ഫാദർ സ്റ്റീഫൻ ജയരാജ് മുഖ്യ കാർമ്മികത്വം വഹിച്ചു. സ്നേഹവിരുന്നോടെ പെരുന്നാൾ ആഘോഷം സമാപിച്ചു.
2. പുതിയ കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ചാർജെടുത്തു. ജൂലൈ മൂന്നാം തീയതി വിശുദ്ധ കുർബാനയ്ക്കുശേഷം പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും വികാരിയച്ചൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അന്നുതന്നെ എല്ലാവരും തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തു.
3. ജൂലൈ 16 ന് കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. സി.എം.സി. സിസ്റ്റേഴ്സിന്റെ വ്രതനവീകരണവും ഉണ്ടായിരുന്നു
4. മുത്തശ്ശീമുത്തശ്ശന്മാരുടെ ദിനം ജൂലൈ 23-ാം തീയതി സമുചിതമായി ആചരിച്ചു. അവർക്കുവേണ്ടി പ്രത്യേകം വിശുദ്ധ കുർബാനയിൽ പ്രാർത്ഥിക്കുകയും ആ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാവരെയും ഉദ്ബോധിപ്പിക്കുകയും അവരെ ആദരിക്കുകയും സമ്മാനപ്പൊതി നൽകുകയും ചെയ്തു. തുടർന്ന് എല്ലാവരും ഒരുമിച്ച് ഗ്രൂപ്പ് ഫോട്ടോയും എടുത്തു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

### രൂപതാവാർത്തകൾ

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂലൈ 2 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് സെക്രട്ടറി ഷൈനി കിണറ്റുകര റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ജൂലൈ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു.

**2. രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2023-2024 വർഷത്തെ പ്രഥമ മാനേജിംഗ് കമ്മിറ്റി ജൂലൈ 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് ജോബിൻ റ്റി ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ

പഴേപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ ഓർഗനൈസർ ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ മാനേജിങ് കമ്മറ്റി അംഗങ്ങൾക്കായി ക്ലാസ് നയിച്ചു. തുടർന്ന് റീജിയണൽ ഓർഗനൈസേഴ്സിന്റെ നേതൃത്വത്തിൽ മേഖല ഭാരവാഹികൾ ചർച്ചകൾ നടത്തി. സമ്മേളനത്തിൽ രൂപതയിലെ 17 മേഖലകളിലെയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ പങ്കെടുത്തു.

**3. ജീവദർശൻ കോഴ്സ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ CTP കോഴ്സ് പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന തുടർപരിശീലനപരിപാടിയായ ജീവദർശൻ കോഴ്സിന്റെ പ്രഥമ ക്ലാസ് ജൂലൈ 17 തിങ്കളാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. ശ്രീ മനു ചെറുകാട്ടിൽ, ശ്രീ ലൂക്ക് അലക്സ് പിണമറുകിൽ, സി. ഡോ. മോനിക്ക S.H. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഈ വർഷം 54 വിശ്വാസപരിശീലകരാണ് കോഴ്സിൽ പങ്കെടുക്കുന്നത്.

**4. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ജൂലൈ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

## മേഖല വാർത്തകൾ

**1. അരുവിത്തുറ മേഖല എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 2 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ടോം ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ചു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻ ലീഗ് അരുവിത്തുറ മേഖല ഉദ്ഘാടനം ജൂലൈ 9 ഞായറാഴ്ച കളത്തൂക്കടവ് ശാഖയിൽ വച്ച് നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ റീജിയണൽ ഓർഗനൈസർ ശ്രീ. ബെന്നി മുത്തനാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ടോം ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലയിലെ എല്ലാ ശാഖകളിലുംനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**2. കുറവിലങ്ങാട് മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് കുറവിലങ്ങാട് മേഖല പ്രവർത്തന വർഷ ഉദ്ഘാടനം ജൂലൈ 9 ഞായറാഴ്ച കൂടല്ലൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു.

**3. കടനാട് മേഖല എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ജൂലൈ 9 ഞായറാഴ്ച നടന്നു.

4. **രാമപുരം മേഖല എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 9 ഞായറാഴ്ച നടന്നു.

5. **കൂട്ടിക്കൽ മേഖല എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 8 ശനിയാഴ്ച നടന്നു.

6. **പ്രവിത്താനം മേഖല എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 9 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ വച്ച് നടന്നു.

7. **ചേർപ്പുങ്കൽ മേഖല**

ചെറുപുഷ്പ മിഷൻലീഗ് ചേർപ്പുങ്കൽ മേഖല എക്സിക്യൂട്ടീവ് യോഗം ജൂലൈ 9 ഞായറാഴ്ച നടന്നു.

8. **പൂഞ്ഞാർ മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് പൂഞ്ഞാർ മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 9 ഞായറാഴ്ച പൂഞ്ഞാർ മേഖല ഓഫീസിൽ വച്ചു നടത്തി.

9. **തുടങ്ങനാട് മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് തുടങ്ങനാട് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 8 ശനിയാഴ്ച തുടങ്ങനാട് മേഖല ഓഫീസിൽ വച്ചു നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**ലീഡേഴ്സ് ക്യാമ്പ്**

യു.പി. വിഭാഗം കുട്ടികൾക്കായുള്ള ലീഡേഴ്സ് തിരഞ്ഞെടുപ്പ് ക്യാമ്പ് പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് ജൂലൈ 21, 22 തീയതികളിലായി നടത്തപ്പെട്ടു. സി. റോസ്‌ലിൻ മൂന്നാനപ്പള്ളിൽ എസ്.എ.ബി.എസ്. (മദർ സുപ്പീരിയർ, ക്രിസ്തുജ്യോതി റിട്രീറ്റ് സെന്റർ) ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. റീജന്റ് ബ്രദർ റിജു തുളുവനാനിക്കൽ നന്ദി അർപ്പിച്ചു.

**കളരി വിതരണം നടത്തി**

ഈ വർഷത്തെ 'കളരി' ആദ്യ ലക്കം സ്കൂളുകളിൽ വിതരണം നടത്തി.

**അൽഫോൻസാ കളറിംഗ്**

ഈ വർഷത്തെ അൽഫോൻസാ കളറിംഗ് മത്സരം സ്കൂൾ തലത്തിൽ നടത്തി. എല്ലാ സ്കൂളുകളിൽ നിന്നും നിരവധി കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**പഠനപുസ്തക വിതരണം**

ഈ വർഷത്തെ പഠനപുസ്തകങ്ങളായ 'ഞാനൊരു സമ്മാനം, 'വി. ക്ലോഡിൻ തെവനെ' എന്നീ പുസ്തകങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തു.

**ലീഡേഴ്സ് ക്യാമ്പ്**

ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായുള്ള ലീഡേഴ്സ് തിരഞ്ഞെടുപ്പ് ക്യാമ്പ് ജൂലൈ 27,28 തീയതികളിലായി പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

### 1. KCBC ജാഗ്രതാസമിതി മീറ്റിംഗിൽ പങ്കെടുത്തു.

POC യിൽ വച്ച് നടന്ന KCBC ജാഗ്രതാസമിതി മീറ്റിംഗിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് SMYM പാലാ രൂപത ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ ജോസഫ് സോണിയും (അരുവിത്തുറ) KCYM സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ റിയ തെരേസ് മാന്നാത്തും (വെള്ളികുളം) പങ്കെടുത്തു. പാലാ രൂപത ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ നേതൃത്വത്തിലാണ് ഇവർ യോഗത്തിൽ പങ്കെടുത്തത്.

### 2. പ്രതിഷേധജ്വാലയുമായി കെ.സി.വൈ.എം

പാലാ: മണിപ്പൂരിൽ ക്രൈസ്തവജനതക്കെതിരായി നടക്കുന്ന ചേരിതിരിഞ്ഞ ആക്രമണങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും ദുരിതബാധിതരായ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ പാലാ ടൗണിൽ പ്രതിഷേധജ്വാല സംഘടിപ്പിച്ചു. പാലാ എം.എൽ.എ മാണി സി. കാപ്പൻ പ്രതിഷേധസദസ്സ് ഉദ്ഘാടനംചെയ്തു. മണിപ്പൂരിൽ നടക്കുന്ന അക്രമസംഭവങ്ങൾ മനുഷ്യാവകാശങ്ങൾക്കെതിരേയുള്ള പരസ്യമായ ലംഘനമാണെന്നും എത്രയുംവേഗം മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നും കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷാരോൺ കെ. റെജി അധ്യക്ഷതവഹിച്ച പ്രതിഷേധയോഗം ആവശ്യപ്പെട്ടു. വിവിധ രൂപതകളിൽനിന്നായി മുന്നൂറോളം യുവജനങ്ങൾ പ്രതിഷേധയോഗത്തിൽ പങ്കെടുത്തു.

### 3. സുവർണ്ണജൂബിലിവർഷത്തിന്റെ ലോഗോ പാലാ രൂപത ചാൻസലർ വെരി റവ. ഫാ. ജോസ് കുറ്റിയാങ്കൽ പ്രകാശനം ചെയ്തു.

സമൂഹത്തിന്റെ നന്മയ്ക്കും യുവജനങ്ങളുടെ സമഗ്രവിമോചനത്തിനുമായി നാടിന്റെ സാമൂഹികസാംസ്കാരികരംഗങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്തുന്ന പാലാ രൂപതയുടെ യുവജനപ്രസ്ഥാനം അതിന്റെ അമ്പതാം വർഷത്തിലേക്ക്. സുവർണ്ണജൂബിലിവർഷത്തിന്റെ ലോഗോ പാലാ രൂപത ചാൻസലർ വെരി റവ. ഫാ ജോസ് കുറ്റിയാങ്കൽ പാലാ അരമനയിൽവച്ച് പ്രകാശനംചെയ്തു.

**4. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ സുവർണ ജൂബിലിവർഷ ഉദ്ഘാടനം നടന്നു**

**സഭയുടെ യുവത്വത്തിന്റെ നിറവ്, അതു യുവജനങ്ങളാണ് – മാർ ജോസഫ് കല്ലറങ്ങാട്ട്**

പാലാ: സഭയുടെ യുവത്വത്തിന്റെ ശക്തി യുവജനങ്ങളാണ്, അവരാണ് സഭയെ മുൻപോട്ട് നയിക്കുന്നത് എന്ന് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത എസ്.എം.വൈ.എം. സുവർണ്ണ ജൂബിലി വർഷം ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അഭിവന്ദ്യപിതാവ്. എസ്.എം.വൈ.എം. പാലാ രൂപതയുടെ സുവർണ്ണജൂബിലി ഉദ്ഘാടനവും യുവജനറാലിയും പാലാ കിഴതടിയൂർ സെന്റ് ജോസഫ്സ് പള്ളി പാരിഷ് ഹാളിൽവച്ച് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. 17 ഫൊറോനകൾക്കും ഗോൾഡൻജൂബിലി തിരി തെളിയിച്ചുനൽകുകയും ചെയ്തു.

രൂപത പ്രസിഡന്റ് തോമസ് ബാബു അധ്യക്ഷതവഹിച്ച യോഗത്തിൽ പാലാ രൂപത വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും വിവിധ മത്സരങ്ങളുടെ വിജയികൾക്കു സമ്മാനംനൽകുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. യുവജനപ്രസ്ഥാനത്തിന്റെ മുൻ ഡയറക്ടർ റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി., ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, പ്രഥമ പ്രസിഡന്റ് ശ്രീ ജോസഫ് മൈലാടി, പ്രഥമ വൈസ് പ്രസിഡന്റ് ശ്രീമതി മാഗി പനയ്ക്കൽ, മുൻ ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., മുൻ പ്രസിഡന്റ് അഡ്വ. ജോയി എബ്രാഹം എന്നിവർ സമ്മേളനത്തിന് ആശംസ അറിയിച്ചു സംസാരിച്ചു. സമ്മേളനത്തിനുശേഷം കിഴതടിയൂരിൽ നിന്നുള്ള യുവജനറാലിയും നടത്തപ്പെട്ടു. 17 ഫൊറോനകളിൽനിന്നായി ആയിരത്തോളം യുവജനങ്ങൾ പതാകയേന്തി മുദ്രാവാക്യങ്ങളുമായി റാലിയിൽ പങ്കുചേർന്നു.

**5. ഓൺലൈൻ മീറ്റിങ്ങിൽ പങ്കുചേർന്നു.**

മണിപ്പൂരിൽ ക്രൈസ്തവർക്കെതിരേ നടക്കുന്ന ആക്രമണങ്ങൾ പിന്നെയും തുടർക്കഥയാകുമ്പോൾ യാഥാർഥ്യമെന്തെന്നു തിരിച്ചറിയാൻ കെ.സി. വൈ.എം. സംസ്ഥാനസമിതി ഒരുക്കിയ ഓൺലൈൻ മീറ്റിംഗിൽ പങ്കുചേർന്നു.

**6. ക്രൈസ്തവവിശ്വാസത്തിനെതിരെയുള്ള പ്രസ്താവനയ്ക്കെതിരേ പോസ്റ്റർ ഇറക്കി പ്രതിഷേധിച്ചു**

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉദ്ഘാടനസമ്മേളനത്തിൽ ക്രൈസ്തവ വിശ്വാസത്തെ വ്രണപ്പെടുത്തിയ പരാമർശം നടത്തിയ സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ വാക്കുകൾ തീർത്തും പ്രതിഷേധാർഹം എന്ന് പാലാ രൂപത എസ്.എം.വൈ.എം. അഭിപ്രായപ്പെട്ടു.

**7. ഫൊറോന വിസിറ്റ്**

രൂപതാസമിതിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ഫൊറോനയിൽ യൂത്ത് ടോക്ക് നടത്തപ്പെട്ടു.

**8. റീജിയണൽ ക്യാമ്പിൽ പങ്കെടുത്തു**

KCYM സംസ്ഥാനസമിതിയുടെ ജൂലൈ 28, 29, 30 തീയതികളിൽ നടത്തപ്പെട്ട റീജിയണൽ ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് പങ്കെടുത്തു.

**9. യൂത്ത് ഡയറക്ടേഴ്സ് ആൻഡ് ആനിമേറ്റേഴ്സ് ട്രെയിനിങ്ങിൽ പങ്കെടുത്തു**

ജൂലൈ 25 ന് കെ.സി.വൈ.എം. സംസ്ഥാനതലത്തിൽ POC യിൽവച്ചു നടത്തിയ യൂത്ത് ഡയറക്ടേഴ്സ് ആൻഡ് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ (Y DAT) പാലാ രൂപതയിൽനിന്ന് ഡയറക്ടർ അച്ചനുവേണ്ടി എസ്.എം.വൈ.എം. പാലാ ഫൊറോന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ട് കോട്ടയിലും എസ്.എം.വൈ.എം പാലാ രൂപത ജോയിന്റ് ഡയറക്ടർ സിസ്റ്റർ നവീന സിഎംസിയും ബ്രദർ ജോർജ് ഇടയോടിയിലും പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. നൈറ്റ് വിജിൽ**

എല്ലാ മാസവും ആദ്യവെള്ളിയാഴ്ച നടന്നുവരുന്ന നൈറ്റ് വിജിൽ ജൂൺ മാസം 30-ാം തീയതി വൈകിട്ട് 7 മണി മുതൽ ജൂലൈ 1-ാം തീയതി രാവിലെ 5:00 മണി വരെ പാലാ അൽഫോൻസാകോളജ് ചാപ്പലിൽവച്ച് നടത്തപ്പെട്ടു. പതിനഞ്ചോളം പേർ പങ്കെടുത്തു.

**2. ബുധനാഴ്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു.

**3. സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്ങ്**

2023 ജൂലൈ എട്ടാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതര മുതൽ വൈകിട്ട് മൂന്നര വരെ പാലാ സെന്റ് തോമസ് കോളജിൽവച്ച് സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്ങ് നടത്തപ്പെട്ടു. സ്കൂളുകളിൽനിന്നും കോളജുകളിൽനിന്നുമായി ഏകദേശം 60 പേർ പങ്കെടുത്തു.

**4. ഹൗസ്ഹോൾഡ്**

2023 ജൂലൈ 2, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ്ഹാളിൽവെച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പതിനഞ്ചോളം ആളുകൾ പങ്കെടുത്തു.

**5. സെക്കന്റ് സാറ്റർഡേ ഫാമിലി ഗ്യാതറിങ്ങ്**

2023 ജൂൺ 8-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകിട്ട് 3:30 വരെ പാലാ സെന്റ് തോമസ് കോളജിൽവച്ച് ഫാമിലി ഗ്യാതറിങ്ങ് നടത്തപ്പെട്ടു. .

**6. ജീസസ് യൂത്ത് പുനഃസമർപ്പണം**

2023 മേയ് 28 പന്തക്കുസ്താ ദിനം ജീസസ് യൂത്ത് സമർപ്പണം/പുനഃസമർപ്പണം എടുക്കാൻ സാധിക്കാത്തവർക്കുവേണ്ടി ജൂലൈ 1 ന് ഷലോം പാസ്റ്ററൽ സെന്ററിൽവെച്ച് സമർപ്പണമെടുക്കാൻ അവസരമൊരുക്കി. ഏകദേശം 60 പേർ പങ്കെടുത്തു.

**7. കോളജ് കോർ ടീം**

പാലായിലെ കോളജുകളിൽ അടുത്ത ഒരു വർഷത്തേക്ക് ജീസസ് യൂത്തിനെ നയിക്കാനായി പുതിയ കോർ ടീമുകൾ നിലവിൽവന്നു.

**8. കൗൺസിൽ ട്രെയിനിംഗ്**

കറുകുറ്റി അസ്സീസി ശാന്തികേന്ദ്രത്തിൽവെച്ചു നടന്ന കേരള കൗൺസിൽ, മിനിസ്ട്രി ട്രെയിനിങ്ങിൽ പാലാ കൗൺസിലംഗങ്ങൾ പങ്കെടുത്തു.

**9. ഇന്റർസെസറി പ്രയർ മീറ്റിംഗ്**

പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ മണിപ്പൂർ നിവാസികൾക്കും ജാഗോ നാഷണൽ കോൺഫറൻസിനുംവേണ്ടി അരുവിത്തുറ വല്യച്ചൻ മലയിൽ രാവിലെ 10 മണിമുതൽ വൈകിട്ട് 3 മണിവരെ മധ്യസ്ഥപ്രാർത്ഥന നടത്തി. ഇരുപതോളം ജീസസ് യൂത്ത് പങ്കെടുത്തു.

**10. ക്യാമ്പസ് ജാഗോ**

ജാഗോ കോൺഫറൻസിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ക്യാമ്പസ് കോർഡിനേറ്റേഴ്സും ഒരുമിച്ചുകൂടിയ ഗാതറിങ്ങിൽ പാലാ സോണിൽനിന്ന് എട്ടുപേർ പങ്കെടുത്തു.

**11. കൾച്ചറൽ എക്സ്ചേഞ്ച്**

പാലാ സോണിന്റെ മിഷൻ സ്റ്റേറ്റ് ആയ ഒഡീഷയിൽനിന്നു നാലു കുടുംബങ്ങൾ ഉൾപ്പെടെ 14 പേർ പാലാ സോൺ സന്ദർശിക്കാനെത്തി. ജൂൺ 9 മുതൽ 13 വരെ പാലാ സോണിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും ഹൗസ്ഹോൾഡ് പോലുള്ള കൂട്ടായ്മയിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. രൂപത കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങളുടെ യോഗം 12-7-2023, 19-7-2023, 26-7-2023 തീയതികളിൽ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി തുടർപരിശീലനം നടത്തി.

2. രൂപത കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് യോഗം 18-7-2023 ൽ കൂടി. സഭാനവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി ബൈബിൾ കൈയെഴുത്തുപ്രതികൾ ഉണ്ടാക്കുന്നതിന് പ്രാരംഭനടപടികൾ സ്വീകരിച്ചു.
3. 22-7-2023 ൽ കൂടിയ രൂപത കൗൺസിൽയോഗം 12-8-2023 ശനിയാഴ്ച 2 pm മുതൽ ഒരു സമ്പൂർണ്ണ ബൈബിൾ കൈയെഴുത്തുപ്രതി തയ്യാറാക്കുന്നതിനു തീരുമാനിച്ചു. ഇതിനായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂലൈ 10-12, 24-26** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 122 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ആഗസ്റ്റ് 14-16, 25-27, സെപ്റ്റംബർ 4-6, 25-27** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, റവ. ഫാ. തോമസ് മണ്ണൂർ എന്നിവർ ക്ലാസ്സെടുത്തു. രണ്ടു മീറ്റിങ്ങിലായി 181 മാതാപിതാക്കൾ സംബന്ധിച്ചു.

**4. യൂണിറ്റ് സന്ദർശനം**

ജൂലൈ 31-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന ഫാമിലി കമ്മീഷൻ മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**B. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 7-ാം തീയതി രാവിലെ 10.30 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**2. യൂണിറ്റ് ഉദ്ഘാടനം**

ജൂലൈ 16-ാം തീയതി 7 മണിക്ക് കൂത്താട്ടുകുളം പിതൃവേദി യൂണിറ്റ് ഉദ്ഘാടനം രൂപത ഡയറക്ടർ വ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി. മീറ്റിംഗിൽ കൂത്താട്ടുകുളം ഇടവകവികാരി റവ. ഫാ. തടത്തിൽ സിറിയക് ചടങ്ങിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. രൂപത പ്രസിഡന്റ് ജോസഫ് വടക്കേൽ സംബന്ധിച്ചു.

**3. രൂപതാസമിതി**

ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാ സമിതി കൂടി. രൂപതാസമിതി അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. സെപ്റ്റംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന കലാമത്സരങ്ങളെക്കുറിച്ച് ചർച്ച നടത്തി.

**4. സെമിനാർ**

ജൂൺ 30-ാം തീയതി വെള്ളികുളം ഇടവകയിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ മാതാപിതാക്കൾക്കായി സംഘടിപ്പിച്ച സെമിനാറിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ച് ക്ലാസ്സ് നയിച്ചു.

## C. മാതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 5-ാം തീയതി രാവിലെ 10.30 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**2. രൂപതാസമിതി**

ജൂലൈ 7-ാം തീയതി രാവിലെ 11 മണിക്ക് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതികൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**3. ആദരിക്കൽ**

ജൂലൈ 8-ാം തീയതി രാവിലെ 10 മണിക്ക് നരിയങ്ങാനം ഇടവകയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മുതിർന്നവരെ ആദരിച്ചു. തദവസരത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഇടവകവികാരി റവ. ഫാ. തോമസ് ഓലിക്കൽപുത്തൻപുര ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

**4. ആലോചനയോഗം**

ജൂലൈ 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനത്ത് വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപതാസമിതി അംഗങ്ങൾ, മാതൃവേദി മേഖല, യൂണിറ്റ് അംഗങ്ങൾ ചേർന്ന് അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് തീർത്ഥാടനം നടത്തുന്ന കാര്യങ്ങളെക്കുറിച്ച് ആലോചനയോഗം നടത്തി കാര്യങ്ങൾ വിലയിരുത്തി.

**5. അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 14-ാം തീയതി ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പാലാ രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ തീർത്ഥാടനം നടത്തപ്പെട്ടു. രൂപതയിലെ മുഴുവൻ ഇടവകകളിൽനിന്നായി 2000 ഓളം മാതൃവേദി അംഗങ്ങളായ അമ്മമാർ പങ്കെടുത്തു. രാവിലെ 10.30 ന് നടന്ന ആഘോഷമായ പരിശുദ്ധ കുർബാനയ്ക്ക് മാതൃവേദി രൂപത

ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നേതൃത്വം നൽകി. അൽഫോൻസാ ഷ്റൈൻ റെക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജോൺസൺ പുള്ളീറ്റ് തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി. തുടർന്ന് മാതൃവേദി രൂപത പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ കത്തിച്ച തിരി നല്കി സെന്റ് മേരീസ് പള്ളിലേയ്ക്കുള്ള റാലി ആരംഭിച്ചു. ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട് സന്ദേശം നൽകി ആശീർവദിച്ചു. ഒരു മണിക്ക് സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

**6. കൈപ്പടയിൽ തീർത്ത ബൈബിളുമായി അമ്മമാർ**

10 തവണ വായനയ്ക്ക് തുല്യമാണ് ഒരു പകർത്തിയെഴുത്ത് എന്ന അദ്ധ്യാപക വചനത്തെ അന്വർത്ഥമാക്കിക്കൊണ്ട് പാലാ രൂപതയിലെ 101 അമ്മമാർ. ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് ഒരുക്കമായി പാലാ രൂപതയിലെ അമ്മമാരുടെ സംഘടനയായ മാതൃവേദിയിൽപ്പെട്ട 101 അമ്മമാരാണ് സ്വന്തം കൈപ്പടയിൽ എഴുതിയ പുതിയനിയമ ബൈബിൾ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ സമർപ്പിച്ചത്. നാലു മാസങ്ങൾകൊണ്ട് രചന പൂർത്തിയാക്കി ഭരണങ്ങാനത്ത് നടന്ന അൽഫോൻസാ തീർത്ഥാടനത്തിലാണ് ഈ സമർപ്പണം നടന്നത്.

**7. യൂണിറ്റ് സന്ദർശനം**

ജൂലൈ 28-ാം തീയതി മാതൃവേദി വെള്ളികുളം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശിക്കുകയും കാര്യങ്ങൾ ചർച്ച ചെയ്ത് സംസാരിക്കുകയും ചെയ്തു.

**8. അന്തർദേശീയ മീറ്റിംഗ്**

ജൂലൈ 22-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് മാതൃവേദിയുടെ അന്തർദേശീയ മീറ്റിംഗ് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി സഹായ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാലാ രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ, രൂപത സെനറ്റ് അംഗം മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര എന്നിവർ സംബന്ധിച്ചു.

**9. പുതിയ യൂണിറ്റ്**

ജൂലൈ 30-ാം തീയതി കൈപ്പള്ളി ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി. രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ ചടങ്ങിൽ സംബന്ധിച്ചു.

**D. പ്രോലൈഫ്**

1. ആദരിക്കൽ

ജൂലൈ 20-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടുകയും 2022-23 വർഷത്തെ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ പ്രോലൈഫ് പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസിനെ ഉപഹാരം നൽകി ആദരിക്കുകയും ചെയ്തു.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി ' സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. സീറോ മലബാർ മാട്രിമണിയുടെ പുതിയ സെറ്റ് ഉദ്ഘാടനം

ജൂലൈ 3-ാം തീയതി സീറോ മലബാർ മാട്രിമോണിയുടെ പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം വിപുലമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

### 3. സീറോ മലബാർ മാട്രിമണിയുടെ പുതിയ സെറ്റ്

ജൂലൈ 8-ാം തീയതി കാക്കനാട് വച്ചു നടത്തപ്പെട്ട സീറോ മലബാർ മാട്രിമണിയുടെ പുതിയ സൈറ്റിനെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ മീറ്റിങ്ങിലും ജൂലൈ 21-ാം തീയതി ഓൺലൈനായി നടന്ന മീറ്റിങ്ങിലും റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

## എ. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – **7306293048**

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

### 1. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം

മണിപ്പൂരിൽ അതിക്രൂരമായി നടക്കുന്ന ക്രൈസ്തവവേട്ടയ്ക്കെതിരേ, ക്രൈസ്തവദൈവാലയങ്ങൾ നശിപ്പിക്കുന്നതിനെതിരേ, സംസ്ഥാന-കേന്ദ്ര

സർക്കാരുകൾ അനങ്ങാപ്പാറ നയം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ക്രൈസ്തവസഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലാ കുരിശുപള്ളിക്കവലയിൽ പ്രാർത്ഥനായജ്ഞവും ഐക്യദാർഢ്യസമ്മേളനവും നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അദ്ധ്യക്ഷത വഹിച്ചു. പ്രാർത്ഥനയ്ക്ക് റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നല്കി. രാജീവ് ജോസഫ് കൊച്ചുപറമ്പിൽ, റവ. ഫാ. ജോസഫ് മുത്തനാട്ട്, റവ. ഫാ. ജോസ് കാക്കല്ലിൽ, റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, ജോസ് വട്ടുകുളം, സാജു അലക്സ്, ആൻസമ്മ സാബു, ഫാ. ജോസഫ് തടത്തിൽ, ഫാ. തോമസ് മഠത്തിപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**2. ഭീമഹർജി ഒപ്പുശേഖരണം**

മണിപ്പൂരിലെ മനുഷ്യവേട്ടയ്ക്കെതിരേ കേന്ദ്രസർക്കാർ ഉണർന്നു പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്കു കൊടുക്കുന്നതിന് അഞ്ചു ലക്ഷം പേർ ഒപ്പിട്ടുനല്കുന്ന ഭീമഹർജിയുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപതാഭാരവാഹികളും ബഹുമാനപ്പെട്ട വൈദികരും സന്നിഹിതരായിരുന്നു. തുടർന്ന് ജൂലൈ 2, 3, 9, 16 തീയതികളിൽ രൂപതയിലെ എല്ലാ ഇടവകകളിലും ഒപ്പുശേഖരണം നടത്തി.

**3. സഭാദിനാചരണം, സമുദായസമ്മേളനം**

ജൂലൈ 3 സീറോമലബാർ സഭാദിനാചരണത്തിൽ കത്തോലിക്കാ കോൺഗ്രസ് സമുദായസമ്മേളനം നടത്തി. സിബിഗിരി ഇടവക, മുട്ടം ടൗൺ പാരിഷ്ഹാളിൽ നടന്ന സമ്മേളനം ഇടുക്കി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, റവ. ഫാ. തോമസ് പുല്ലാട്ട്, റവ. ഫാ. ജോൺ പാളിത്തോട്ടം, ആൻസമ്മ സാബു, ഫ്രാൻസിസ് കരിമ്പാനി, ജോൺസൺ വെട്ടിയാങ്കൽ, എഡ്വിൻ പാമ്പാറ എന്നിവർ പ്രസംഗിച്ചു.

**4. കുറുമണ്ണിൽ പുതിയ യൂണിറ്റ്**

കുറുമണ്ണ് യോഹന്നാൻ മാംദാനയുടെ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് തുടങ്ങി. പുതിയ യൂണിറ്റിന്റെ ഉദ്ഘാടനം രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി നിർവഹിച്ചു. വികാരി റവ. ഫാ. അഗസ്റ്റിൻ പീടികമലയിൽ അധ്യക്ഷത വഹിച്ചു. ജോസ് വട്ടുകുളം, ജോസ് മലയിൽ, ബിനു വള്ളോംപുരയിടം, ഫ്രാൻസിസ് വട്ടുകുന്നേൽ തുടങ്ങിയവർ സംസാരിച്ചു.

**ഭാരവാഹികൾ**

പ്രസിഡന്റ് - ഫ്രാൻസിസ് വി.റ്റി. വട്ടുകുന്നേൽ

സെക്രട്ടറി - ജോസ് തോമസ് പൂവേലിൽ

ട്രഷറർ - മാത്യു വടക്കേമുളഞ്ഞനാൽ

**5. കോതനല്ലൂർ ഫൊറോന സമ്മേളനം**

കോതനല്ലൂർ ഫൊറോന നേതൃസമ്മേളനം വേദഗിരി പാരിഷ്ഹാളിൽ നടന്നു. റവ. ഫാ. കുര്യൻ വരിക്കമാക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോസഫ് ചീനോത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു. ഇമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, സി.എം. ജോർജ് തുടങ്ങിയവർ സംസാരിച്ചു.

**6. മണിപ്പൂർ ഐക്യദാർഢ്യം**

കാക്കൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ എല്ലാ സംഘടനകളെയും ഉൾപ്പെടുത്തി ജപമാലറാലിയും ഐക്യദാർഢ്യസമ്മേളനവും നടത്തി. വികാരി റവ. ഫാ. അബ്രാഹം കുളമാക്കൽ നേതൃത്വം നല്കി. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**7. കാർഷികസെമിനാർ**

മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൃഷിവകുപ്പിന്റെ സഹകരണത്തോടെ കാർഷികബോധവത്കരണസെമിനാറും കാർഷികോപകരണങ്ങളുടെ പ്രദർശനവും നടത്തുന്നു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. സജീവം-ലഹരി വിരുദ്ധയജ്ഞം**

പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയും എസ്.എം.വൈ.എം. തീക്കോയി ഫൊറോനയും ചേർന്നു ബോധനസെമിനാർ നടത്തി. എസ്.എം. വൈ.എം. മേഖല വൈസ് പ്രസിഡന്റ് കുമാരി റേച്ചൽ ജോർജ് ഇടത്തിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ തീക്കോയി സെന്റ് മേരീസ് ഫൊറോന പള്ളി വികാരി വെരി. റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സബ് ഇൻസ്പെക്ടർ ബിനോയ് തോമസ് വിവിധതരം അടിമത്തങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും ക്ലാസ് നടത്തി. ക്ലാസിനുശേഷം ലഹരിവിരുദ്ധപ്രതിജ്ഞയും റാലിയും ഫ്ളാഷ് മോബും നടത്തുകയുണ്ടായി. 200-ൽ അധികം യുവതീയുവാക്കൾ പങ്കെടുത്തു.

**2. സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയാ ക്യാമ്പും**

തീക്കോയി സ്വാശ്രയസംഘത്തിന്റെയും ന്യൂ വിഷൻ കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയാക്യാമ്പും 2023 ജൂലൈ 4 ചൊവ്വാഴ്ച നടത്തപ്പെട്ടു.

**3. അഗ്രിഫെസ്റ്റ് – 2023**

പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയും അരുവിത്തുറ പിതൃവേദിയും അരുവിത്തുറ സെന്റ് ജോർജ് കർഷകദളവും സംയുക്തമായി നടീൽവസ്തുക്കളുടെയും കാർഷികവസ്തുക്കളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശനവും വിപണനവും മേളയുടെ ഉദ്ഘാടനവും ജൂലൈ 7 വെള്ളിയാഴ്ച അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളി അങ്കണത്തിൽ ഫൊറോന വികാരി റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ നാടമുറിച്ച് ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി.

**4. വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ, കർഷകദളങ്ങൾ, സ്വാശ്രയസംഘങ്ങൾ തുടങ്ങിയവ വാർഷികാഘോഷങ്ങൾ നടത്തി. ചക്കിക്കാവ്, തോടനാൽ, തീക്കോയി, കാവുംകണ്ടം, സ്നേഹാഗ്രൂപ്പ് തുടങ്ങിയവ പ്രശംസനീയവിധത്തിൽ വാർഷികം ആഘോഷിച്ചു. തീക്കോയി എസ്.എസ്. വാർഷികം ഡയറക്ടർ ഫാ. മാത്യു കാടൻകാവിലിന്റെ അധ്യക്ഷതയിൽ രക്ഷാധികാരി റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനംചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി.

**5. ഡൽഹി കോൺക്ലേവിൽ പി.എസ്. ഡബ്ല്യു.എസ്.**

കേന്ദ്രസർക്കാരിന്റെ കർഷകശാക്തീകരണപദ്ധതിയായ എഫ്.പി.ഒ. നടപ്പിലാക്കുന്ന നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ ഡൽഹിയിലെ പ്രഗതിമൈതാനത്ത് സംഘടിപ്പിച്ച അഖിലേന്ത്യ എഫ്.പി.ഒ. കോൺക്ലേവിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പ്രൊജക്ട് ഓഫീസർ ശ്രീ. പി.വി. ജോർജ് പുരയിടം പങ്കെടുത്തു. രാജ്യത്തുടനീളം കാർഷികരംഗത്തു പുത്തനുണർവ് പ്രദാനം ചെയ്യാൻ എഫ്.പി.ഒ.കൾക്കു സാധിക്കുന്നതായും ഈ രംഗത്തു സന്നദ്ധസംഘടനകളുടെ പങ്കു വളരെ മഹത്തരമാണെന്നും സഹകരണരാജ്യരക്ഷാവകുപ്പ് മന്ത്രി ശ്രീ അമിത് ഷാ അഭിപ്രായപ്പെട്ടു.

**6. കുട്ടികളും കൃഷിയിലേക്ക് – മികച്ച തുടക്കം**

പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷനൽ ഏജൻസിയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിക്കുന്ന 'കുട്ടികളും കൃഷിയിലേക്ക്' എന്ന പരിപാടിക്ക് സ്കൂൾ അധികൃതരിൽനിന്നു മികച്ച പ്രതികരണം ലഭിക്കുന്നതായി പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പറഞ്ഞു. ഇതിനോടകം 62 സ്കൂളുകൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 62 സ്കൂളുകളിലും 'ചിൽഡ്രൻ ഫാർമേഴ്സ്' ക്ലബുകൾ രൂപീകരിച്ചു.

**7. കാർഷികസംരംഭകർ നാടിനാവശ്യം – മാർ ജോസഫ് കല്ലറങ്ങാട്ട്**

കാർഷികസംരംഭകർ ഏറെ വിലമതിക്കപ്പെടുന്നവരാണെന്നും നൂതന വിപണന സാധ്യതകൾ പ്രയോജനപ്പെടുത്താൻ സംരംഭകർക്കാകണമെന്നും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ച 'കാർഷികസംരംഭകസംഗമം' ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. 'ഹരിതം' എഫ്.പി.ഒയുടെ തേൻ വിപണനോദ്ഘാടനം മുൻസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ നിർവഹിച്ചു. കർഷകക്കൂട്ടായ്മയുമായി ബന്ധപ്പെട്ട് സർക്കാർ–സർക്കാരിത ഏജൻസികളിലെ പ്രതിനിധികളുടെ വിശദീകരണവും ചർച്ചയും നടന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**പ്രതിഷേധ പ്രാർത്ഥനായോഗം**

മണിപ്പൂരിലെ ക്രൈസ്തവർക്കെതിരേ നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരേ പ്രതിഷേധിച്ചുകൊണ്ട് ജൂൺ 30 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ കുരിശുപള്ളി അങ്കണത്തിൽവച്ച് മെഴുകുതിരി തെളിയിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥനായോഗം നടത്തി.

**പ്രാർത്ഥനാദിനം**

KCBC/SC/ST കമ്മീഷന്റെ ആഹ്വാനപ്രകാരം രൂപതയിലെ എല്ലാ ഇടവകകളിലും ജൂലൈ 9 പ്രാർത്ഥനാദിനമായി ആചരിച്ചു. ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം അനുവദിക്കുന്നതിനെ സംബന്ധിച്ച് സുപ്രീം കോടതിയിൽ നടക്കുന്ന കേസിന്റെ വിധി അനുകൂലമാകുന്നതിനുവേണ്ടിയാണ് പ്രാർത്ഥനാദിനം ആചരിച്ചത്.

**കടനാട് മേഖല വാർഷികവും പൊതുസമ്മേളനവും**

ഡി.സി.എം.എസ്. കടനാട് മേഖലാവാർഷികവും പൊതുസമ്മേളനവും എസ്.എസ്.എൽ.സി. പ്ലസ് 2 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയവരെ ആദരിക്കലും ജൂൺ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് നടത്തു

കയുണ്ടായി. യോഗത്തിൽ മേഖല ഡയറക്ടർ, മേഖല പ്രസിഡന്റ്, മേഖല സെക്രട്ടറി, രൂപതയിൽനിന്ന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത ഓർഗനൈസർ ബേബി ആന്റണി എന്നിവർ പങ്കെടുത്തു.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പത്താം ക്ലാസ് മുതൽ പി.ജി. വരെ പഠിക്കുന്ന കുട്ടികൾക്കായി ജൂലൈ 8 ശനിയാഴ്ച മുതൽ ജൂലൈ 9 ഞായറാഴ്ചവരെ മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തുകയുണ്ടായി.

**ഫ്യൂച്ചർ സ്റ്റാർസ് മീറ്റിങ്**

രൂപതയിലെ ദളിത് കത്തോലിക്കാകുട്ടികൾക്കായി ഡി.സി.എം.എസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന സിവിൽ സർവീസ് ട്രെയിനിങ് പ്രോഗ്രാമിന്റെ കോർഡിനേറ്റർമാരുടെ മീറ്റിങ് ജൂലൈ മാസം ഷലോം പാസ്റ്ററൽ സെന്ററിൽവെച്ച് കൂടുകയുണ്ടായി.

**ഉദ്യോഗസ്ഥ ഉദ്യോഗാർഥി മീറ്റിങ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിലുള്ള ഡി.സി.എം.എസ് രൂപതാംഗങ്ങളായ ഉദ്യോഗസ്ഥ-ഉദ്യോഗാർഥികളുടെ മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി.

**രൂപത കമ്മിറി**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ ജൂലൈ മാസത്തെ രൂപത കമ്മിറ്റി ജൂലൈയിൽ ഷലോം പാസ്റ്ററൽ സെന്ററിൽവെച്ച് കൂടുകയുണ്ടായി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. അഭിനന്ദനം**

ജർമ്മനിയിൽവച്ചു നടന്ന സ്പെഷൽ ഒളിമ്പിക്സിൽ പങ്കെടുത്തു മെഡൽ കരസ്ഥമാക്കിയ അന്തീനാട് ശാന്തിനിലയം സ്പെഷൽ സ്കൂളിലെയും കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷൽ സ്കൂളിലെയും കുട്ടികളെ അഭിനന്ദിച്ചു.

**2. പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിൽ സന്ദർശനം നടത്തി.**

**3. വീൽചെയർ വിതരണം**

പ്രവാസികൾ സ്പോൺസർ ചെയ്ത 80 വീൽചെയറുകൾ ഏറ്റവും അർഹരായ കെയർ ഹോംസ് സ്ഥാപനങ്ങൾക്കു നല്കി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ക്ഷേമനിധി അംഗത്വമേള**

പ്രവിത്താനം ഫൊറോനയിലെ എല്ലാ ഇടവകയിലും അംഗത്വമേള നടത്താനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**2. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ**

ലോകലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് ചുവടെ ചേർക്കുന്ന സ്കൂളുകളിൽ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.

സെന്റ് ജോസഫ്സ് HSS വിളക്കുമാടം (16/6/2023)
സെന്റ് ജോസഫ്സ് HS വിളക്കുമാടം (16/6/2023)
സാൻജോസ് പബ്ലിക് സ്കൂൾ ചൂണ്ടച്ചേരി (16/6/2023)
SH GHS ഭരണങ്ങാനം (20/6/2023)
അൽഫോൻസ റെസിഡൻഷ്യൽ സ്കൂൾ ഭരണങ്ങാനം (20/6/2023)
സെന്റ് മേരീസ് HSS ഭരണങ്ങാനം (21/6/2023)
സെന്റ് മേരീസ് HS ഭരണങ്ങാനം (21/6/2023)
സെന്റ് മേരീസ് GHSS പാലാ (22/6/2023)
സെന്റ് മേരീസ് GHS പാലാ (22/6/2023)
സെന്റ് മൈക്കിൾസ് HS പ്രവിത്താനം (23/6/2023)
സെന്റ് മൈക്കിൾസ് HSS പ്രവിത്താനം (23/6/2023)
സെന്റ് മേരീസ് HSS കുറവിലങ്ങാട് (26/6/2023)
സെന്റ് മേരീസ് HSS കിടങ്ങൂർ (27/6/2023)

സെന്റ് ജോർജ് HSS അരുവിത്തുറ (11/7/2023)
സെന്റ് ജോർജ്ജ് HS അരുവിത്തുറ (11/7/2023)

ഇതിനു പുറമേ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയോടു ചേർന്ന് ളാലം പാരിഷ് ഹാളിൽവെച്ച് സ്ത്രീകൾക്കായി ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.

**2. ലോകയോഗാദിനം**

ലോകയോഗാദിനമായ 21/6/2023 ന് അഡാർട്ടിൽവെച്ച് യോഗാദിനം ആചരിക്കുകയും ചികിത്സയിൽ കഴിയുന്നവർക്ക് യോഗാപരിശീലനം നൽകുകയും ചെയ്തു. അഡാർട്ടിലെ യോഗാ തെറാപ്പിസ്റ്റ് ശ്രീ. ബെന്നി ജോസഫ് നേതൃത്വം വഹിച്ചു.

**3. ലോകലഹരിവിരുദ്ധദിനാചരണം അഡാർട്ടിൽ**

ലോകലഹരിവിരുദ്ധദിനമായ ജൂൺ 26 ന് അഡാർട്ടിൽ നടത്തിയ പ്രോഗ്രാം ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ഉദ്ഘാടനം ചെയ്തു. മാർ എഫ്രേം സെമിനാരി റെക്ടർ ഫാ. ജോസഫ് കരികുളം മുഖ്യാതിഥി ആയിരുന്നു. ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് പാലാ ജനമൈത്രി പോലീസ് ക്ലാസ്സുകൾ എടുത്തു.

**4. അഡാർട്ടിന്റെ 39-ാം വാർഷികവും റൂബി ജൂബിലി ഉദ്ഘാടനവും**

1984 ജൂലൈ 3 ന് ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ലഹരിവിമോചന ചികിത്സാപുനരധിവാസകേന്ദ്രമായ അഡാർട്ടിന്റെ 39-ാം വാർഷികവും റൂബി ജൂബിലി ഉദ്ഘാടനവും ജൂലൈ 2-ാം തീയതി മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അഡാർട്ടിന്റെ ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് കൊച്ചെള്ളേ ചെങ്ങളം, ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, റ്റി.എം. മാത്യു (SLCA ചങ്ങനാശ്ശേരി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ സ്വാഗതവും പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ ചരിത്ര അവലോകനവും കൗൺസിലർ ശ്രീമതി നിമ്മി ആന്റണി യോഗത്തിൽ കൃതജ്ഞതയും പറഞ്ഞു. മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ ആദരിച്ചു. തുടർന്ന് AA, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ആഗസ്റ്റ് 8 നു മുമ്പായി രജിസ്ട്രേഷൻ തുകയും പൂർണ്ണമായി പൂരിപ്പിച്ച ഹെഡ്ഷീറ്റും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ (ഹെഡ്ഷീറ്റിൽ ഒപ്പ്) രൂപതാ ഓഫീസിൽ ഏല്പിക്കണം.

**പഠനഭാഗം:**

ജോഷ്വാ 13–24, പ്രഭാഷകൻ 27–33, ലൂക്കാ 1–8
2 കോറിന്തോസ് 1–6 വരെ അധ്യായങ്ങൾ

**പരീക്ഷാത്തീയതി: 2023 സെപ്റ്റംബർ 24**

**സമയം: 2.00 pm. to 3.30 pm**

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷനും ലോഗോസ് ക്വിസ് രജിസ്ട്രേഷന്റെ കൂടെ നടത്തണം.

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്:** അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ജൂലൈ, മാസത്തെ ക്ലാസ് 8 നു നടന്നു. ആഗസ്റ്റിലെ ക്ലാസ് 12 നു നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥപ്രാർത്ഥന**

തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോമിൽ മദ്ധ്യസ്ഥപ്രാർത്ഥന നടക്കുന്നു.

**2. സ്ട്രീറ്റ് മിനിസ്ട്രി**

ജൂലൈ 6 – പ്രവിത്താനം, ജൂലൈ 20 – ഇടുക്കി മരിയാപുരം, ജൂലൈ 28 – ജിയോവാലി എന്നിവിടങ്ങളിൽ തെരുവുവചനശുശ്രൂഷ നടത്തി. റിട്ട. എസ്.എ.റ്റി.എം. മാത്യു നേതൃത്വംനൽകി ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കെടുത്തു.

**3. വിവാഹ ഒരുക്ക സെമിനാർ**

ജൂലൈ 12, 25 എന്നീ തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**4. സിസ്റ്റേഴ്സ് മീറ്റ്**

ജൂലൈ 15 ന് ഇവാഞ്ചലൈസേഷൻ ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്ന വിവിധ കോൺഗ്രിഗേഷൻസിന്റെ പ്രാർത്ഥനക്കൂട്ടായ്മ സംഘടിപ്പിച്ചു.

**5. സായാഹ്ന കൺവൻഷൻ**

ജൂലൈ 8 ന് മുട്ടുചിറ പള്ളിയിൽ സായാഹ്ന കൺവൻഷൻ നടത്തി.

**6. ജാഗ്രതാവാർത്തകൾ**

a) ജൂലൈ 2, 16 എന്നീതിയതികളിൽ മുട്ടുചിറ, തീക്കോയി ഫൊറോനകളിൽ സമ്മേളനം നടത്തി.

b) 23 ന് പിഴക് ഇടവകയിൽ ജാഗ്രതാസെമിനാർ നടത്തി

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ജൂലൈ മാസത്തിൽ ബ്രദർ ഔതച്ചൻ പനച്ചിക്കൽ കരോട്ട്, ബ്രദർ ജോയി തെക്കുചേരികുന്നേൽ, ബ്രദർ ജോസ് വലിയമർത്താങ്കൽ എന്നിവർ ഓരോ ആഴ്ചയിലും വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ അച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവലയത്തിൽവച്ച് ജൂലൈ 1 ആദ്യശനി 9-30 am മുതൽ 2 pm വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ബ്രദർ സെബാസ്റ്റ്യൻ താന്നിക്കൽ (KCSC മുൻ ജോയിന്റ് കോർഡിനേറ്റർ) വചനസന്ദേശം നൽകി. വിശുദ്ധകുർബാന, ദിവ്യകാരുണ്യ ആരാധന, എല്ലാം മിനിസ്ട്രികളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ നടത്തപ്പെട്ടു.

**3. സബ് സോൺ സംഗമം**

ഇടവക പ്രാർത്ഥനക്കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിനായി തീക്കോയി, ഇലഞ്ഞി, പൂഞ്ഞാർ എന്നീ സബ്സോണുകളിൽ സംഗമം നടത്തപ്പെടുകയുണ്ടായി.

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു ജൂൺ 24 ശനി ബ്രദർ തോമസ് പോൾ വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വംനൽകി.

**5. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ഫിസിക്കലായി അരുവിത്തുറ സബ് സോണിൽ എല്ലാം ബുധനാഴ്ചകളിലും ഒരു മണിമുതൽ നാലു മണി വരെ ഏഴ് ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു

**6. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി നല്കപ്പെട്ടിരുന്ന ജൂലൈ 7 വെള്ളി പാലാ സെന്റ്

തോമസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. ശ്രീമതി സുനിത അശോക് വചനശുശ്രൂഷ നൽകുകയുണ്ടായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപ ശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂലൈ 8 ന് മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് നടത്തി.
2. ജൂലൈ 16 മുതൽ 22 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.
3. **ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ** എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 47: **സർവ്വശക്തന്റെ തണലിൽ നിർഭയരായി**; പുസ്തകം 48: **നിന്റെ സങ്കേതവും കോട്ടയും കർത്താവാണോ?** പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.
4. മൗണ്ട് നെബോ ആബാ ഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നു.
5. മൗണ്ട് നെബോ ആബാ ഭവനത്തിൽ അടുത്ത രണ്ടു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 ഓഗസ്റ്റ് 12, 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2023 ഓഗസ്റ്റ് 27, 5 pm - സെപ്റ്റംബർ 2, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2023 സെപ്റ്റംബർ 9, 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2023 സെപ്റ്റംബർ 17, 5 pm - 23, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: **9847472522; 7306371028**

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

SFO പാലാ രൂപത സമിതി റീജിയൻ സമിതികൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 2023 ജൂലൈ 20-ാം തീയതി വ്യാഴാഴ്ച രൂപതാസമ്മേളനവും അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്കു ജപമാല റാലിയും നടത്തപ്പെട്ടു. അന്നേദിവസം മണിപ്പൂരിൽ കഷ്ടതയും വേദനയും അനുഭവിക്കുന്ന ക്രൈസ്തവസഹോദരങ്ങളുടെ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ജപമാലപ്രാർത്ഥന നടത്തുകയും തുടർന്ന് ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽവച്ച് SFO രൂപതാ പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിലിന്റെ അധ്യക്ഷതയിൽ രൂപതാസമ്മേളനം നടത്തപ്പെടുകയും പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. SFO പാലാ രൂപത ഡയറക്ടറും സ്പിരിച്ചൽ അസിസ്റ്റന്റുമായ റവ. ഫാ. ആന്റണി വെച്ചൂർ OFM Cap അനുഗ്രഹപ്രഭാഷണം നടത്തി. ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ യൂണിറ്റുകളുടെ ആത്മീയവും സഭാപരവുമായ വളർച്ചയ്ക്കു നേതൃത്വം നൽകുന്നതിന് രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ട ഫാ. ജിതിൻ വടക്കുംമുറി OFM Cap, ഫാ. ആദർശ് വടക്കേത്ത് OFM Cap എന്നിവർക്ക് രൂപതാസമ്മേളനത്തിൽ ഊഷ്മളസ്വീകരണം നൽകി. Bro. ടോമി സേവിയർ തെക്കേൽ സമ്മേളനത്തിൽ സ്വാഗതവും ഷാന്റി മാത്യു പാലക്കത്തടത്തിൽ കൃതജ്ഞതയും രേഖപ്പെടുത്തി. അസ്സീസി ധ്യാനകേന്ദ്രത്തിൽനിന്നാരംഭിച്ച് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്ന ജപമാല പദയാത്രയെ തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ സ്വീകരിച്ചു. തുടർന്ന് നടന്ന വിശുദ്ധ കുർബാനയ്ക്ക് ഫാദർ ആന്റണി വെച്ചൂർ OFM Cap, ഫാ. ജിതിൻ വടക്കുംമുറി OFM Cap എന്നിവർ മുഖ്യകർമികത്വം വഹിച്ചു.

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. തിരഞ്ഞെടുപ്പ്**

1. 2-7-2023-ൽ അരുവിത്തുറ ഫൊറോനാ ഡി.എഫ്.സി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

2. 16-7-2023 -ൽ കുറവിലങ്ങാട് ഫൊറോനാ ഡി.എഫ്.സി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

3. മൂലമറ്റം ഫൊറോനാ ഡി.എഫ്.സി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**2. ഭാഷാപദ്ധതി**

13-7-2023 - ഇടമറ്റം ഹൈസ്കൂളിലും എൽ.പി. സ്കൂളിലും ഭാഷാപദ്ധതി നടത്തി. 19-7-2023 - ചേർപ്പുങ്കൽ ഹയർ സെക്കൻഡറി സ്കൂളിലും ഹൈസ്കൂളിലും ഭാഷാപദ്ധതി നടത്തി.

**3. ദീപികപത്ര പ്രചരണം**

2-7-2023- മീനച്ചിൽ ഇടവകയിൽ ഡി.എഫ്.സി വർക്ക് നടന്നു.
23-7-2023- ശാന്തിഗിരി ഇടവകയിൽ ഡി.എഫ്.സി വർക്ക് നടന്നു.
30-7-2023- വാലാച്ചിറ ഇടവകയിൽ ഡി.എഫ്.സി വർക്ക് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി**

ഇൻഫാം പാലാ കർഷക ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം ഡയറക്ടർ ഫാദർ ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ 3-07-2023 ൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു കൂടുകയും ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് ആലോചിക്കുകയും ചെയ്തു.

**2. ഇൻഫാം ഉപദേശക സമിതി**

ഇൻഫാം പാലാ കാർഷികജില്ലാ ഉപദേശകസമിതിയുടെ ഒരു യോഗം, ഫാദർ ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ 21-07-2023 ൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് കൂടി. രൂപതയുടെ വിവിധ പ്രദേശങ്ങളിൽനിന്നുള്ള ഇരുപതോളം വിദഗ്ധരായ ഉപദേശകസമിതിയംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ചർച്ചകൾക്കു നേതൃത്വംകൊടുത്ത ശ്രീ ജയിംസ് വടക്കൻ, കർഷകപ്രശ്നങ്ങളും അവയുടെ പ്രതിവിധികളും സംബന്ധിച്ച് സംസാരിച്ചു. കൂടാതെ, സർക്കാരുകളുടെ നിഷേധാത്മകനിലപാടുകൾ, കർഷകർക്കു ലഭിക്കാവുന്ന വിവിധ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പരിഹാരമാർഗങ്ങൾക്കായി സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തീരുമാനിക്കുകയും ചെയ്തു.

**3. ഇൻഫാം ദക്ഷിണമേഖല നേതൃസംഗമം**

ഇൻഫാം ദക്ഷിണമേഖല നേതൃസംഗമം 24-07-0023 ൽ പാറത്തോട്ടിൽവച്ചു നടന്നു. ദേശീയ ചെയർമാൻ തോമസ് മറ്റമുണ്ടയിൽ അധ്യക്ഷത വഹിച്ചു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ദേശീയ വൈസ് ചെയർമാൻ ശ്രീ മൊയ്തീൻ ഹാജി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സംഘടനയുടെ ജില്ലാ, താലൂക്ക് നേതൃത്വങ്ങൾ കാർഷികഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് കർഷകരോടൊപ്പമിരുന്ന്, വിശദമായ വിശകലനത്തിനും പഠനത്തിനും തയ്യാറാകണമെന്ന് മറ്റമുണ്ടയിലച്ചൻ അഭിപ്രായപ്പെട്ടു. ദേശീയ

ഡയറക്ടർ ഫാദർ ജോസഫ് ചെറുകരക്കുന്നേൽ, പാലാ കാർഷികജില്ല ഡയറക്ടർ ഫാദർ ജോസ് തറപ്പേൽ, കോതമംഗലം കാർഷികജില്ല ഡയറക്ടർ ഫാദർ ജേക്കബ് റാത്തപ്പള്ളി, ചങ്ങനാശ്ശേരി കാർഷികജില്ല ഡയറക്ടർ എമ്മാനുവൽ നെല്ലുവേലി, കാഞ്ഞിരപ്പള്ളി കാർഷികജില്ല ജോയിന്റ് ഡയറക്ടർ ഫാദർ ജോസഫ് പുൽത്തകിടിയേൽ എന്നിവരും വിവിധ കാർഷിക ജില്ലകളിൽ നിന്നുള്ള പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരും സംഗമത്തിൽ പങ്കെടുത്തു. പാലാ കാർഷികജില്ലയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാദർ ജോസ് തറപ്പേൽ, പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ, സെക്രട്ടറി തോമസ് മറ്റം, ജോയിന്റ് സെക്രട്ടറി ജസ്റ്റിൻ ഇടയോടിയിൽ എന്നിവരും പങ്കെടുത്തു.

**4. ഇൻഫാം രൂപത ഓഡിറ്റ്**

ഫാദർ തോമസ് ചെയർമാനായും ഫാ. ജോർജ് പുല്ലുകാലാ, ഡോ. കെ.കെ. ജോസ് കണിച്ചുകാട്ട് എന്നിവർ അംഗങ്ങളായുമുള്ള രൂപതാ ഓഡിറ്റ് സമിതി, ഇൻഫാം പാലാ കാർഷികജില്ലയുടെ കണക്കുകൾ സംബന്ധിച്ചും പ്രവർത്തനങ്ങൾ സംബന്ധിച്ചുമുള്ള ഓഡിറ്റ് 27-07-2023 പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. ഡയറക്ടർ ഫാ. ജോസ് തറപ്പേലും പ്രസിഡന്റ്, സെക്രട്ടറി ട്രഷറർ എന്നിവരും പങ്കെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സിസ്റ്റർ മേരിലിറ്റ് എസ്.എം.എസ്.

പാലാ രൂപത മുട്ടം ഇടവകയിൽ വട്ടക്കുന്നേൽ സെബാസ്റ്റ്യൻ-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളായി മേരി സിസ്റ്റർ മേരി ജനിച്ചു. ഒക്ടോബർ 21 ന് ജ്ഞാനസ്നാനം സ്വീകരിച്ച് പരിശുദ്ധ അമ്മയുടെ നാമമായ മേരി എന്ന പേരു സ്വീകരിച്ചു. 1970 ഒക്ടോബർ 7 ന് സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹത്തിൽ ചേർന്നു സന്ന്യാസപരിശീലനം പൂർത്തിയാക്കിയ മേരി 1972 ഓഗസ്റ്റ് 15 ന് ആദ്യവ്രതം സ്വീകരിച്ച് സിസ്റ്റർ മേരിലിറ്റ് എന്ന പേരു സ്വീകരിച്ചു. പൂവത്തിളപ്പ് നിർമ്മല ഭവൻ ആയിരുന്നു സിസ്റ്ററിന്റെ സമർപ്പിതശുശ്രൂഷയുടെ ആദ്യഭവനം. തുടർന്ന് കരുണാലയം സ്നേഹസദൻ, മുണ്ടംകുന്ന് രക്ഷാഭവൻ, മണിയൻകുളം ബോയ്സ് ടൗൺ പാലാ, ആനന്ദഭവൻ ശാന്തിനിലയം, ഏന്തയാർ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, കാരുണ്യ ഭവൻ കരുണാപുരം, അമലഗിരി കോൺവെന്റ് ചക്കിക്കാവ്, ശാന്തി ഭവൻ ഉമ്മർ പൊയിൽ, സ്നേഹഭവൻ തിരുമേനി, എസ്എംഎസ് ജനറലേറ്റ്, എന്നീ ഭവനങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷകളിലൂടെ തന്റെ സമർപ്പിതജീവിതം അന്വർത്ഥമാക്കി. ഹൃദയം നിറഞ്ഞ സ്നേഹവും അധരങ്ങളിൽ മായാത്ത പുഞ്ചിരിയും കണ്ടുമുട്ടുന്നവരോടൊക്കെ കുശലാന്വേഷണം നടത്തുന്ന സൗഹൃദത്തിന്റെ മനോഭാവങ്ങളും മേരിലിറ്റ് അമ്മയുടെ സ്വഭാവത്തിന്റെ പ്രത്യേകതകളായിരുന്നു. ഒരിക്കലും മടുക്കാതെ

ഓടിനടന്ന് എല്ലാവരെയും അന്വേഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന അമ്മ എല്ലാവരെയും ചേർത്തുവച്ചു സ്നേഹിച്ച് സ്നേഹത്തിന്റെ ശുശ്രൂഷകൾ ചെയ്തു. 2018 കാലഘട്ടം മുതൽ തന്റെ പലതരത്തിലുള്ള രോഗാവസ്ഥകൾകൊണ്ട് ആരോഗ്യപ്രശ്നങ്ങൾ നേരിട്ട സിസ്റ്റർ പ്രാർത്ഥനയ്ക്കും വിശ്രമത്തിനുമായി സ്നേഹാലയത്തിൽ എത്തി. ഓരോ ദിവസവും ഒമ്പതുമണിക്കു തന്നെ ആരംഭിക്കുന്ന ആരാധനയിൽ ദിവ്യകാരുണ്യനാഥനോടു ചേർന്നിരിക്കാൻ സിസ്റ്ററിനു വലിയ താത്പര്യമായിരുന്നു. സിസ്റ്ററിന്റെ ഷുഗർ ക്രമാതീതമായി വർദ്ധിക്കുകയും കുറയുകയും ചെയ്തതിനെ തുടർന്ന് സിസ്റ്റർ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ അഡ്മിറ്റായി. ആശുപത്രിയിൽവച്ചുണ്ടായ വീഴ്ചയ്ക്കിടയിൽ സിസ്റ്ററിന്റെ ഇടതുകാലിന്റെ ലിഗമെന്റു പൊട്ടി. ഡോക്ടർ നിർദ്ദേശിച്ചതനുസരിച്ച് പരിപൂർണമായി വിശ്രമിക്കുകയും ചെയ്തു. എന്നാൽ സിസ്റ്ററിന് ശാരീരികക്ഷീണം വർദ്ധിക്കുകയും പാലാ ളാലം പഴയ പള്ളി വികാരി റവ. ഫാദർ ജോസഫ് തടത്തിൽ രോഗീലേപനം നൽകുകയും ചെയ്തു. 2023 ജൂലൈ പതിനൊന്നാം തീയതി വീണ്ടും രോഗം കൂടിയതിനെത്തുടർന്ന് മേരിഗിരിയിൽ വീണ്ടും അഡ്മിറ്റാക്കി. ഈ ലോകത്തിലെ തന്റെ ഓട്ടം പൂർത്തിയാക്കി ആത്മമണവാളൻ ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയസമ്മാനത്തിനായി 2023 ജൂലൈ 13-ാം തീയതി പ്രഭാതത്തിൽ 1.15 ന് ആ പാവനാത്മാവ് സ്വർഗത്തിലേക്കു യാത്രയായി. സിസ്റ്റർ ഏറെ സ്നേഹിച്ച തന്റെ പ്രിയപ്പെട്ട സഹോദരിമാർ സ്നേഹഗിരി സന്ന്യാസിനീസമൂഹത്തിലെ തന്നെ അംഗമായ സിസ്റ്റർ ഫ്ളവർലിറ്റും ആരാധനാ സന്ന്യാസിനീസമൂഹത്തിലെ അംഗമായ സിസ്റ്റർ റോസിലിറ്റും പ്രാർത്ഥനയോടെ തങ്ങളുടെ പ്രിയപ്പെട്ട ചേച്ചിയുടെ സമീപത്തുണ്ടായിരുന്നു. അന്നു വൈകുന്നേരം നാലുമണിയോടെ സിസ്റ്ററിന്റെ ഭൗതികശരീരം പാലാ സ്നേഹാലയം ചാപ്പലിൽ കൊണ്ടുവന്നു. 14.07.2023 ന് രാവിലെ 9 മണിക്ക് ആരംഭിച്ച വിശുദ്ധ കുർബാനയിൽ സിസ്റ്ററിന്റെ കുടുംബാംഗമായ റവ. ഫാദർ സിബി മഞ്ഞക്കുന്നിൽ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ചു ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം കത്തീഡ്രൽ പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറൽ മോൺസിഞ്ഞോർ ജോസഫ് കണിയോടി

ക്കൽ മുഖ്യകാർമികത്വം വഹിച്ചു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും സാന്നിധ്യത്തിൽ മൃതദേഹം പാലാ കത്തീഡ്രൽ പള്ളിയിൽ സംസ്കരിച്ചു. എല്ലാവരെയും സ്നേഹിക്കാൻ മാത്രമറിയാവുന്ന നമ്മുടെ മേരിയമ്മയുടെ ജീവിതത്തിൽനിന്നു കണ്ടുപഠിച്ച ജീവിത പാഠങ്ങളെ നമുക്കു ജീവിതത്തിൽ സ്വന്തമാക്കാം. മേരിയമ്മയ്ക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.



## സിസ്റ്റർ കുസുമം എസ്.എം.എസ്.

1942 മാർച്ച് 9 ന് പാലാ രൂപതയിൽ ചെമ്മലമറ്റം ഇടവകയിൽ കണിയാംപടിക്കൽ പരേതരായ ജോസഫ്-അന്നമ്മ ദമ്പതികളുടെ ഏഴുമക്കളിൽ ആറാമത്തെ മകളായി കുഞ്ഞമ്മ, സിസ്റ്റർ കുസുമം ജനിച്ചു. 1942 മാർച്ച് 14 ന് ചെമ്മലമറ്റം പള്ളിയിൽ വെച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് അന്നമ്മ എന്ന നാമം സ്വീകരിച്ചു. പ്രാഥമികപഠനങ്ങൾക്കുശേഷം 1969 ജൂൺ ആറിന് പാലാ രൂപതയിൽ പുതിയതായി ഉയിർകൊണ്ട സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹത്തെക്കുറിച്ചു കേൾക്കുകയും പുണ്യചരിതനായ കൈപ്പൻപ്ലാക്കൽ അബ്രഹാം അച്ചൻ ചെയ്തിരുന്ന നിസ്വാർത്ഥമായ കാരുണ്യശുശ്രൂഷകളിൽ ആകൃഷ്ടയായി ദൈവികപദ്ധതിയിൽ അച്ചൻ രൂപംകൊടുത്ത സ്നേഹഗിരി മിഷനറി സന്ന്യാസിനീ സമൂഹത്തിൽ അംഗമായി ചേരുകയുംചെയ്തു. തന്റെ സന്ന്യാസ പരിശീലനം പൂർത്തിയാക്കി, 1972 ജൂൺ ഒന്നിന് സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രതം നടത്തി, സ്നേഹഗിരി സമർപ്പിതയായി. ആദ്യവ്രതത്തിനുശേഷം ആദ്യനാളുകളിൽ പാലാ സ്നേഹാലയം, മണിയൻകുളം രക്ഷാഭവൻ, കൊഴുവനാൽ ഗേൾസ് ടൗൺ, ജഗദൽപൂർ എന്നിവിടങ്ങളിലെ ശുശ്രൂഷകൾക്കുശേഷം 1980 മെയ് മാസത്തിൽ നിത്യവ്രതവാഗ്ദാനം നടത്തി. തുടർന്നുള്ള കാലഘട്ടം പാലാ ബോയ്സ് ടൗൺ, ഏന്തയാർ ശാന്തിനിലയം, മുണ്ടൻകുന്ന് സ്നേഹസ്വതി, നെന്മേനി ആശാഭവൻ, പെരിയപ്പുറം സ്നേഹഗിരി കോൺവെന്റ്, ആനന്ദഭവൻ എന്നിവിടങ്ങളിലായി തന്റെ ശുശ്രൂഷ പൂർത്തിയാക്കി. അമ്മമനസ്സിന്റെ ആൾരൂപം ആയിരുന്നു സിസ്റ്റർ കുസുമം. വിവിധ രോഗങ്ങൾകൊണ്ട് പ്രാർത്ഥനയ്ക്കും വിശ്രമത്തിനുമായി പാലാ

സ്നേഹാലയം, ആനന്ദഭവൻ എന്നീ കോൺവന്റുകളിൽ ആയിരുന്ന കാലഘട്ടത്തിലും തന്നാലാകുന്ന ചെറിയ ജോലികൾചെയ്ത് സമൂഹത്തിലെ സഹോദരിമാരെ സഹായിക്കാൻ കുസുമാമ്മ എപ്പോഴും തത്പരയായിരുന്നു. തനിക്ക് എന്തുകിട്ടിയാലും അതു കണ്ടുമുട്ടുന്ന പാവങ്ങളുമായി പങ്കുവച്ചിരുന്ന കുസുമാമ്മ ആരുമറിയാതെ മറ്റുള്ളവരെ സഹായിക്കാൻ വെമ്പൽകൊണ്ടിരുന്ന മനസ്സിന്റെ ഉടമയായിരുന്നു. രണ്ടു വർഷങ്ങൾക്കുമുമ്പ് വീണ് ഹിപ്പ് ബോൾ പൊട്ടിയതിനുശേഷം എഴുന്നേറ്റുനടക്കാൻ പറ്റാതായ കുസുമാമ്മ മരിയൻ മെഡിക്കൽ സെന്ററിൽവെച്ച് ഓപ്പറേഷനും മറ്റു വിദഗ്ധപരിശോധനകൾക്കും വിധേയയായെങ്കിലും തുടർന്ന് സ്വന്തമായി എഴുന്നേറ്റുനടക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു പിന്നീടുള്ള നാളുകൾ. രോഗാവസ്ഥയിലായിരിക്കുമ്പോൾ പുഞ്ചിരിനിറഞ്ഞ മുഖവും നിറംതുളുമ്പുന്ന വാക്കുകളും സ്നേഹമുള്ള ഇടപെടലുംകൊണ്ട് എല്ലാവരുടെയും ഹൃദയങ്ങളെ കീഴടക്കിയിരുന്ന കുസുമാമ്മയ്ക്ക് കാണാൻ എത്തുന്നവരോടും തന്നെ ശുശ്രൂഷിക്കുന്ന കൊച്ചുമക്കളോടും പറയാൻ ഒരു കാര്യമേ ഉണ്ടായിരുന്നുള്ളൂ: ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന് എപ്പോഴും ഉരുവിടണം. മരണത്തെ മുൻകൂട്ടി കണ്ടിട്ടെന്നതുപോലെ മരിക്കുന്നതിന് ഏതാനും മിനിറ്റുകൾക്കുമുമ്പ് വിശുദ്ധ കുർബാന സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച സിസ്റ്ററിന് വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് നൽകുകയും ചെയ്തു. ഒരിക്കൽക്കൂടി തന്റെ ആത്മനാഥനെ സ്നേഹത്തോടെ സ്വീകരിച്ച ആ പുണ്യാത്മാവ് ശാന്തമായി, സ്വസ്ഥമായി സഹോദരിമാരുടെ പ്രാർത്ഥനാമന്ത്രങ്ങൾക്കു മധ്യേ 2023 ജൂൺ നാലിന് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിന്റെ ദിവസം രാവിലെ എട്ടുമണിക്ക് സ്വർഗ്ഗത്തിലേക്കു യാത്രയായി. ജൂൺ 5 ന് 9 മണിക്കാരംഭിച്ച വിശുദ്ധ കുർബാനയിൽ സിസ്റ്ററിന്റെ കുടുംബത്തിലെ അംഗങ്ങളും പാലാ രൂപത വൈദികരുമായ കണിയാംപടിക്കൽ ഫാദർ അബ്രഹാം, കണിയാംപടിക്കൽ ഫാദർ സെബാസ്റ്റ്യൻ, കണിയാംപടിക്കൽ ഫാദർ മാത്യു എന്നിവർ മുഖ്യകാർമികത്വം വഹിച്ചു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാരൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട ജോസഫ് മലേപ്പറമ്പിൽ അച്ചൻ നേതൃത്വം നൽകുകയും അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു. ഹൃദയത്തെ ദൈവസ്നേഹം

കൊണ്ടു നിറച്ച് ജീവിതത്തിലൂടെ അത് അനേകരിലേക്കു പകര്‍ന്നുകൊടുത്ത് സ്വര്‍ഗ്ഗത്തിലേക്കു മടങ്ങിയ കുസുമാമ്മയുടെ പുണ്യജീവിതത്തെ ദൈവകരങ്ങളില്‍ സമര്‍പ്പിച്ച് നമുക്ക് പ്രാര്‍ത്ഥിക്കാം.



## സി. റോസാലിയ പുളിച്ചമാക്കല്‍ എസ്.എച്ച്.

ചങ്ങനാശ്ശേരി അതിരൂപതയിലെ മണിമല ഇടവകയില്‍ പുളിച്ചമാക്കല്‍ കുടുംബത്തില്‍ വര്‍ഗീസ്-അന്ന ദമ്പതികളുടെ മൂന്നുമക്കളില്‍ രണ്ടാമത്തെ സന്താനമായി 20-4-1945 ല്‍ റോസാലിയാമ്മ ഭൂജാതയായി. സാമാന്യവിദ്യാഭ്യാസത്തിനുശേഷം 1963 ജൂലൈ 3-ാം തീയതി പാലാ തിരുഹൃദയമഠത്തില്‍ അര്‍ത്ഥിനിയായും ചേര്‍ന്നു. സന്ന്യാസപരിശീലനം പൂര്‍ത്തിയാക്കി. 1965 ഏപ്രില്‍ 12 ന് ആദ്യവ്രതവും 1970 ഏപ്രില്‍ 6 ന് നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായിത്തീര്‍ന്ന റോസാലിയാമ്മ തന്റെ ജീവിതത്തെ അങ്ങേയറ്റം വിലമതിച്ചു തിരുഹൃദയാരാമത്തില്‍ സേവനനിരതയായി.

ജി.എന്‍.എം. പാസ്സായ റോസാലിയമ്മ 25 വര്‍ഷം ആതുരശുശ്രൂഷാരംഗത്തു നിസ്വാര്‍ത്ഥമായി സേവനം ചെയ്തു. അതില്‍ 19 വര്‍ഷം റയ്പൂര്‍ മിഷനിലായിരുന്നു തന്റെ ആതുരശുശ്രൂഷ. തന്റെ പേരിനു കാരണഭൂതയായ വി. റോസ കന്യകയെപ്പോലെ യൗവ്വനത്തിലെതന്നെ ലൗകിക വ്യാമോഹങ്ങളും ആര്‍ഭാടങ്ങളും പരിത്യജിച്ചു പ്രാര്‍ത്ഥനയിലും പ്രായശ്ചിത്തത്തിലും കഠിനാദ്ധ്വാനത്തിലും ജീവിക്കുവാന്‍ റോസാലിയാമ്മ എന്നും ദത്തശ്രദ്ധയായിരുന്നു. പാലാ, അറുനൂറ്റിമംഗലം, കുടക്കച്ചിറ, രാമപുരം, കണ്ണൂര്‍, വയല, റയ്പൂര്‍, നമ്പ്യാകുളം, വിളക്കുമരുത്, മാനത്തൂര്‍, മേലുകാവ്, ചക്കാമ്പുഴ എന്നീ ഭവനസമൂഹങ്ങളും ഇടവകകളും റോസാലിയാമ്മയുടെ സേവനം നേരിട്ടനുഭവിച്ചറിഞ്ഞവരാണ്.

പ്രഭാതത്തില്‍ നേരത്തെ ഉണര്‍ന്ന് ദിവ്യകാരുണ്യ സന്നിധിയിലെത്തുകയും പ്രഭാതമണി അടിച്ചു ഭവനാംഗങ്ങളെ ഉണര്‍ത്തുകയും ചെയ്യുക റോസാലിയാമ്മയുടെ സ്നേഹശുശ്രൂഷയുടെ പ്രഥമ പാഠമായിരുന്നതില്‍ അമ്മ ആനന്ദം കണ്ടെത്തിയിരുന്നു.

ഒരിക്കൽ കണ്ടുമുട്ടിയാൽ പിന്നീടൊരിക്കലും മറക്കാതിരിക്കത്തക്കവിധത്തിലുള്ള വ്യക്തിത്വവിശേഷതകളാൽ അലംകൃതയായിരുന്നു റോസാലിയാമ്മ.

പ്രായത്തിന്റേതായ ക്ഷീണങ്ങളും അസ്വസ്ഥതകളും റോസാലിയാമ്മയെ നിരന്തരം അലട്ടിയിരുന്നു. ഇതിനിടയിൽ കോവിഡു മഹാമാരി അമ്മയുടെ ആരോഗ്യത്തെ വല്ലാതെ തളർത്തി. തീരെ ക്ഷീണിതയായ റോസാലിയാമ്മ ദിവ്യനാഥന്റെ വിളിക്കു കാതോർത്തിരുന്നു. 2023 ജൂൺ 30 വെള്ളിയാഴ്ച 4.45 ന് സഹോദരിമാരുടെ പ്രാർത്ഥനാമദ്ധ്യേ റോസാലിയാമ്മ സ്വർഗ്ഗീയസമ്മാനത്തിനായി പറന്നകന്നു.

1/7/2023 ശനിയാഴ്ച 1.30 pm ന് വി. കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന്, പാലാ രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം പാലാ കത്തീഡ്രൽപള്ളി സിമിത്തേരിയിൽ സംസ്ക്കരിച്ചു.



## സി. മേരി ഇന്നസെന്റ് മാമ്പള്ളിൽ എസ്.എച്ച്.

പാലാ രൂപതയിൽ ഇലഞ്ഞി ഇടവകയിൽ മാമ്പള്ളി കുടുംബത്തിൽ പരേതരായ പൗലോസ്-റോസക്കുട്ടി ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തെ മകളായി 1929 ഓഗസ്റ്റ് 22 ന് ഭൂജാതയായ ഇന്നസെന്റമ്മയ്ക്കു മാമ്മോദീസായിൽ ലഭിച്ച പേര് മേരി എന്നായിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1949 ൽ തിരുഹൃദയ സന്ന്യാസിനീസമൂഹത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1952 ൽ ആദ്യവ്രതവും 1957 ൽ നിത്യവ്രതവും അനുഷ്ഠിച്ച് മേരീ ഇന്നസെന്റ് എന്ന നാമധേയം സ്വീകരിച്ച അമ്മ പേര് അന്വർത്ഥമാക്കുമാറ് നിഷ്കളങ്കഹൃദയത്തോടും നിർമ്മലമനഃസാക്ഷിയോടും ജീവിച്ച് അർപ്പണജീവിതം അർത്ഥപൂർണമാക്കി. നേഴ്സിംഗ് പഠനം പൂർത്തിയാക്കി 29 വർഷം ചക്കാമ്പുഴ, മേലുകാവ്, വയലാ, അറുനൂറ്റിമംഗലം, ഫാത്തിമാമിഷൻ

ഹോസ്പിറ്റൽ കൊഴുവനാൽ, മേരി ക്യൂൻ ഹോസ്പറ്റൽ കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലും കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോം വിളക്കുംമരുത് വൃദ്ധഭവനത്തിലുമായി 45 വർഷത്തോളം ഇന്നസെന്റമ്മ സേവനനിരതയായിരുന്നു. 1985 ൽ ക്യാൻസർ ബാധിതയായ ഇന്നസെന്റമ്മ ധന്യൻ മത്തായിയച്ചന്റെ മധ്യസ്ഥതയാൽ സുഖപ്രാപ്തി നേടി, പൂർണ ആരോഗ്യത്തോടെ വീണ്ടും ശുശ്രൂഷകൾ തുടർന്നു. ആശുപത്രിയിലെ ശുശ്രൂഷകൾക്കുപുറമേ പാലാ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ്, നരിയങ്ങാനം, ചേറ്റുതോട് എന്നീ ഭവനങ്ങളിലും ആയിരുന്നുകൊണ്ടു തന്റെ നിറസാന്നിദ്ധ്യത്താലും ഉത്തരവാദിത്വപൂർണ്ണമായ ശുശ്രൂഷയാലും അനേകരുടെ ജീവിതങ്ങൾക്കു പ്രകാശമായി, താങ്ങായി തണലായി ആശ്വാസമായി, സാന്ത്വനമായിത്തീരുവാൻ ഇന്നസെന്റമ്മയ്ക്കു സാധിച്ചു.

ചേറ്റുതോടു ഭവനസമൂഹത്തിൽ ആയിരിക്കവേ 2019 ൽ ഒരു വീഴ്ചയെത്തുടർന്നു വിദഗ്ദ്ധചികിത്സയ്ക്കു വിധേയമാക്കിയെങ്കിലും തനിയെ ഒന്നുംചെയ്യാൻ പറ്റാത്ത അവസ്ഥയിൽ കൂടുതൽ പരിചരണാർത്ഥം ചക്കാമ്പുഴ എസ്.എച്ച്. ഭവനിലേക്കു കൊണ്ടുവന്നു. പ്രായത്തിന്റെയും രോഗത്തിന്റെയും പ്രശ്നങ്ങൾകൂടിവന്നു. 15/7/2023 ശനിയാഴ്ച അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 8.45 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

17/7/2023 തിങ്കൾ 2 pm ന് ചക്കാമ്പുഴ എസ്.എച്ച്. ഭവനിൽ വി. കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന്, പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ ചക്കാമ്പുഴ ലൊരേത്തുമാതാപള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.




## ജൂലൈ 2023

| | | |
|---|---|---|
| 01 | 08:30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഒപ്റ്റിക്കൽ ഷോപ്പിന്റെ ഉദ്ഘാടനവും വെഞ്ചെരിപ്പുകർമ്മവും നിർവഹിച്ചു. |
| | 08.45 am | ചെമ്മലമറ്റം ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 12.00 pm | പ്ലാശനാൽ ഇടവകയിൽ പുതിയതായി നിർമ്മിച്ച കല്ലറകളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 3.00 pm | പാലാ സെന്റ് തോമസ് പ്രസ്സിന്റെ വെഞ്ചിരിപ്പ് ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് നിർവഹിച്ചു. |
| 02 | 2.15 pm | പൂഞ്ഞാർ ഫൊറോനയിൽ പാലക്കുടിയിൽ റോസമ്മ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 3.45 pm | കുറവിലങ്ങാട് പകലോമറ്റം അർക്കദിയാക്കോൻ സെന്ററിൽ വച്ച് നടന്ന മാർത്തോമാനസ്രാണി സംഗമത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 03 | 10.00 am | പാലാ കത്തീഡ്രലിൽ ദുക്റാനത്തിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 4.00 pm | പൂവത്തോട് ഇടവകയിൽ പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| 04 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 05 | 10.30 am | രാമപുരം മാർ ആഗസ്തീനോസ് കോളേജിൽവച്ചു നടന്ന ബിരുദദാനച്ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. |

| | | |
|---|---|---|
| | 2.30 pm | ഇടമറ്റം ഇടവകയിൽ ചക്കാലയിൽ ജോയ് സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| | 3.30 pm | ബിഷപ്സ് ഹൗസിൽ എപ്പാർക്കിയൽ അസംബ്ലി കോർ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | 10:00 am | ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോളേജിൽ വച്ച് നടന്ന ബിരുദദാനച്ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 4.00 pm | തിടനാട് ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 08 | 10:00 am | കിഴതടിയൂർ ഇടവകയിൽ വച്ച് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ സുവർണജൂബിലി വർഷാരംഭത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 11.30 am | രാമപുരം ഫൊറോനയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 4.00 pm | പ്രവിത്താനം ഫൊറോനയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 09 | 7.45 am | പ്രവിത്താനം ഫൊറോനയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 10 | | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ എം.എം. മാത്യു മിറ്റത്താനിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 11 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 13 | 4.00 pm | വിളക്കുമാടം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 14 | 9.00 am | പാദുവാ ഇടവകയിൽ കീരഞ്ചിറ വക്കച്ചന്റെ മൃത സംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമി കത്വം വഹിച്ചു. |
| | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | അരുവിത്തുറ ഫൊറോനയിൽ സന്ദർശനം നടത്തി. |
| | 9.00 pm | ബിഷപ്സ് ഹൗസിൽ ദീപിക അപെക്സ് ബോർ ഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 15 | 7.00 am | മൂലമറ്റം ഫൊറോനയുടെ പ്ലാറ്റിനം ജൂബിലി വർഷാരംഭത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 4.00 pm | കുന്നോന്നി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 16 | 7. 45 am | കുന്നോന്നി ഇടവകയിൽ ഇടയനടുത്ത സന്ദർശ നത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 3.00 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രജത ജൂബിലി വർഷാരംഭ ഉദ്ഘാടനസമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ചു. |
| 17 | 2.30 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘ ടിപ്പിച്ച യുഎസ്എസ്, എൽ എസ് എസ് വിജയി കളുടെ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 18 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന എ.ഡി.സി.പി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 19 | 11.00 am | ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്റെ കൊടിയേറ്റുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 20 | 10:15 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച കർഷകസംഗമസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 3.00 pm | കോട്ടയത്ത് മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടിയുടെ ഭൗതികദേഹത്തിനരികിൽ പ്രാർത്ഥിച്ചു. |
| 21 | 9.00 am | കോട്ടയം വടവാതൂർ സെമിനാരിയിൽ സിനഡൽ കമ്മീഷന്റെ ഔദ്യോഗികസന്ദർശനത്തിൽ പങ്കുചേർന്നു. |
| | 6.30 pm | പാലാ അൽഫോൻസ കോളേജ് ഓഡിറ്റോറിയത്തിൽവച്ചു നടന്ന പാലാ കമ്മ്യൂണിക്കേഷൻസിന്റെ പുതിയ സാമൂഹികനാടകത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. |
| 22 | 10:45 am | വെള്ളിയാമറ്റം ഇടവകയിൽ പുതുപ്പള്ളിൽ മറിയക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 12:00 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിങ് കോളേജിൽവച്ചു സംഘടിപ്പിച്ച പാലാ രൂപത പ്രവാസി അപ്പോസ്റ്റലേറ്റിന്റെ രണ്ടാം വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 4.45 pm | ഏഴാച്ചേരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 23 | 7. 45 am | ഏഴാച്ചേരി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 24 | 3.30 pm | കുറവിലങ്ങാട് ദേവമാതാ കോളേജിലെ പുതിയ ലൈബ്രറി ബ്ലോക്കിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 25 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 26 | 9.30 am | പാലാ സെന്റ് തോമസ് കോളേജിൽ സിനഡൽ എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എൻ.ഇ.പി. നാഷണൽ സെമിനാറിൽ സംബന്ധിച്ചു. |
| 27 | 3.30 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജിൽ നടന്ന കപ്പ ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 28 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10:30 am | ഭരണങ്ങാനം ഫൊറോന പള്ളിയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 6.00 pm | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ സന്ദർശനം നടത്തി. |
| 29 | 06.45 am | പാലാ സെന്റ് മർത്താസ് ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. |
| | 10.30 am | ഏഴാച്ചേരി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഒൻപതു ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 3:00 pm | പാലാ ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 30–31 | 4:00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഒപ്റ്റിക്കൽ ഷോപ്പിന്റെ വെഞ്ചെരിപ്പും
ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ അൽഫോൻസ കോളേജ് ഗ്രൗണ്ടിൽ വച്ചു നടന്ന പാലാ കമ്മ്യൂണിക്കേഷൻസിന്റെ
പുതിയ സാമൂഹികനാടകം 'ജീവിതം സാക്ഷി'യുടെ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന കാർഷികസംരംഭക
സമ്മേളനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



പാലാ സെന്റ് തോമസ് കോളേജിൽ സീറോ മലബാർ സിനഡൽ എജ്യുക്കേഷൻ കമ്മിറ്റിയുടെ
ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എൻ.ഇ.പി. നാഷണൽ സെമിനാറിന്റെ ഉദ്ഘാടനം
മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവഹിക്കുന്നു




പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിൽവർ ജൂബിലിയുടെ ഉദ്ഘാടനവും
കെ. ജെ. മാത്യു ഐ.എ.എസ്. മെമ്മോറിയൽ ഗോൾഡ് മെഡൽ വിതരണവും
വെസ്റ്റ് ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസ് നിർവഹിക്കുന്നു.

*Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura*